സത്യം മിനിസ്ട്രീസ്

# ജീവവചനം

അക്ഷരത്തിലൂടെ ആത്മാക്കൾ ◆ ദ്വൈവാരിക ◆

23 Years in Literature Ministry

❖ 29 നവംബർ 2011 ❖ പുസ്തകം 19 ❖ ലക്കം 22 ❖ ₹ 2.00

## സ്റ്റുവേർഡ്സ് അസ്സോസിയേഷൻ

## തോമസ് രാജൻ വീണ്ടും ജന:സെക്രട്ടറി

**ബാംഗ്ലൂർ:** സ്റ്റുവാർഡ് അസ്സോസിയേഷൻ ഇൻ ഇൻഡ്യയുടെ പുതിയ ഭരണസമിതി നിലവിൽ വന്നു. ബാംഗ്ലൂർ ഓഫീസിൽ നടന്ന പൊതുസമ്മേളനത്തിൽ വെച്ചായിരുന്നു പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തത്. ഗവേണിംഗ് ബോഡി ചെയർമാനായി ഡോ. എം.പി. ജോസഫ്, ജനറൽ സെക്രട്ടറിയായി ബ്രദർ തോമസ് രാജനും തിരഞ്ഞെടുക്കപ്പെട്ടു. വൈസ് പ്രസിഡന്റായി കെ. സത്യനാരായണയും ഐസക് കാന്ത് രാജ്, അഡ്വ. ജോൺ വിക്ടർ എന്നിവർ ഗവേണിംഗ് ബോഡിയിലെ അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.



*തോമസ് രാജൻ (ജനറൽ സെക്രട്ടറി)*



*ഡോ. എം. പി. ജോസഫ് (ചെയർമാൻ)*

ഇതോടൊപ്പം കേരളാ ഡിവിഷൻ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. പ്രൊഫ. ജേക്കബ് തോമസ് ചെയർമാനായും, ബ്രദർ പി.പി. മാത്യു സെക്രട്ടറിയായും, ബ്രദർ വി. കുര്യാക്കോസ് ജോ. സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. സുവി. എം.എം. സഖറിയ, അഡ്വ. ബേബി പോൾ, ബ്രദർ എം.സി. ജോൺ, സുവി. സി.പി. അനിയൻ എന്നിവരെ കേരള ഡിവിഷന്റെ കമ്മിറ്റി അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

## കോട്ടയം കൺവൻഷൻ

**കോട്ടയം:** കോട്ടയം ജില്ലയിലെ ബ്രദറൺ സഭകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കൺവൻഷൻ നവംബർ 28 തിങ്കൾ മുതൽ ഡിസംബർ 4 വരെ കോട്ടയം തിരുനക്കര മൈതാനിയിൽ വെച്ച് നടക്കും. പ്രസിദ്ധ കൺവൻഷൻ പ്രഭാഷകരായ സുവി. എം.എം. സഖറിയ, സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, സുവി. വർഗ്ഗീസ് എം. കുര്യൻ, സുവി. ജോസ് മാത്യു, സുവി. ജോൺ കുര്യൻ എന്നിവർ പ്രസംഗിക്കും. കൺവൻഷനോടനുബന്ധിച്ച് സഹോദരിമാരുടെ സമ്മേളനം, ബാലസംഘം, സുവജന സമ്മേളനം, ബൈബിൾ ക്ലാസ്, ആരാധനായോഗം, എന്നിവ നടത്തപ്പെടും. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

## എസ്.ബി.എസ്. ഏകദിന സമ്മേളനം

**കട്ടപ്പന:** എസ്.ബി.എസ്. ഹൈറേഞ്ച് ഡിവിഷന്റെ ആഭിമുഖ്യത്തിൽ കുഞ്ഞുങ്ങൾക്കുവേണ്ടി ഡിസംബർ 26 തിങ്കളാഴ്ച രാവിലെ 9 മണി മുതൽ 3 മണി വരെ കട്ടപ്പന ബ്രദറൺ സഭാഹാളിൽവച്ച് ഏകദിനസമ്മേളനം നടത്തപ്പെടും. ബ്രദർ സനൽ മത്തായി (ചെന്നൈ) സമ്മേളനം ഉത്ഘാടനം ചെയ്യും. ബ്രദർ ഏബ്രഹാം ജേക്കബ് (പുതുപ്പള്ളി), ബ്രദർ ടൈറ്റസ് ആർ (മറയൂർ) എന്നിവർ നേതൃത്വം നൽകും. ഇവരെ കൂടാതെ കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഹൈറേഞ്ചിലെ സഹോദരന്മാർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. 250ൽ അധികം കുഞ്ഞുങ്ങൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സമ്മേളനത്തിന്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും, സഹകരിക്കുകയും ചെയ്യേണമെ!

## അങ്കമാലി സംഭവം: ബാർ യഥേഷ്ടം പ്രവർത്തിക്കുന്നു

**അങ്കമാലി:** അങ്കമാലി ടൗൺബ്രദറൺ ചർച്ചിനു സമീപം 2007 ലാണ് ചില സ്വകാര്യ വ്യക്തികൾ ഈ ആരാധനാലയത്തിന്റെ ദൂരപരിധി ലംഘിച്ചുകൊണ്ട് ബാർ കെട്ടിടനിർമ്മാണം ആരംഭിച്ചത്.

ഇതിനെതിരേ സഭയുടെ പരാതിക്കനുകൂലമായ നിലപാട് സ്വീകരിച്ച എക്സൈസ് കമ്മീഷണറുടെ നിലപാടിനെതിരേ 2010 മെയിൽ ബാർ ഉടമകൾ റിവിഷൻ പെറ്റീഷൻ നൽകുകയായിരുന്നു. ഗവ: പ്രിൻസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ മറികടന്ന് അന്നത്തെ എക്സൈസ് മന്ത്രി പി.കെ. ഗുരുദാസൻ ബ്രദറൺ ചർച്ച് ക്രിസ്തീയ സഭയല്ല എന്ന് റിപ്പോർട്ട് എഴുതിയത് പരക്കെ വിമർശിക്കപ്പെടുകയുണ്ടായി. മന്ത്രിയുടെ ഈ ഓഡറുമായാണ് ബാർ ഉടമകൾ അന്ന് ബാർ ലൈസൻസ് എക്സൈസ് കമ്മീഷണറിൽ നിന്നും ലൈസൻസ് കരസ്ഥമാക്കിയത്.

*(തുടർച്ച 11-ാം പേജിൽ)*

## അടൂർ കൺവൻഷൻ

**അടൂർ:** 102-ാമത് അടൂർ ബ്രദറൺ കൺവൻഷൻ 2012 ഫെബ്രുവരി 7 മുതൽ 12 വരെ പറുത്തിപ്പാറ സഭാഹാളിനു സമീപം തയ്യാർ ചെയ്യുന്ന ഗ്രൗണ്ടിൽ നടത്തപ്പെടും.

സുവിശേഷ പ്രഭാഷകരായ ബിനു ശാമുവേൽ, ജോർജ് ചാക്കോ, ജോൺ പി. തോമസ് എന്നിവർ പ്രസംഗിക്കും. കൺവൻഷന്റെ വിജയത്തിനായി പി.പി. മാത്യു, സി.എസ്. തോമസ് എന്നിവരുടെ നേതൃത്വത്തിൽ ക്രമീകരണങ്ങൾ പുരോഗമിച്ചു വരുന്നു.

## മലബാർ വൈ.എം.ഇ.എഫ്. ക്യാമ്പ്

**പയ്യന്നൂർ:** മലബാർ വൈ.എം.ഇ.എഫിന്റെ സുവിശേഷ ക്യാമ്പ് ഡിസംബർ മുതൽ പയ്യന്നൂരിൽ ലയൺസ് കമ്മ്യൂണിറ്റി ഹാളിൽ വെച്ചു നടക്കും. ഡിസംബർ 19 മുതൽ 21 വരെയാണ് ക്യാമ്പ്. ഡിസംബർ 19 തിങ്കളാഴ്ച വൈകുന്നേരം ക്യാമ്പ് ആരംഭിക്കും.

ബ്രദർ എബി കെ. ജോർജ്, ബ്രദർ ബെന്നി ആന്റണി എന്നിവരാണ് പ്രധാന ശുശ്രൂഷകന്മാർ. വചനധ്യാനം, ബൈബിൾ ക്ലാസ്സ്, ഭവന സന്ദർശം, പൊതുയോഗം, പരസ്യയോഗം എന്നീ പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുണ്ട്. പാലക്കാടു മുതൽ കാസർഗോഡ് വരെയുള്ള ആറു ജില്ലകളിൽ നിന്നുള്ള യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുക്കും. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവജനത്തിന്റെ പ്രാർത്ഥന അനിവാര്യമാണ്.


## സത്യം ദ്വിഭാഷാ പഠന ബൈബിൾ

കൊറിയയിൽ അച്ചടിച്ച

രണ്ടാം പതിപ്പ് പ്രസിദ്ധീകരിച്ചു.

ഇംഗ്ലീഷ് ബൈബിളിന്റെ സൗകുമാര്യവും മലയാളം ബൈബിളിന്റെ ആശയ സ്ഫുടതയും സമന്വയിപ്പിച്ച പഠന ബൈബിൾ

വില ₹ 1500/-



ഓരോ പുസ്തകത്തിന്റെയും ലഘുപഠനക്കുറിപ്പും രൂപരേഖയും

മധ്യഭാഗത്തായി ഒത്തുവാക്യങ്ങൾ

മലയാളത്തിൽ സമ്പൂർണ്ണ കൺകോർഡൻസ് മലയാളത്തിൽ

ഓരോ പുസ്തകത്തിന്റെയും ലഘുപഠനക്കുറിപ്പും രൂപരേഖയും

പഴയ, പുതിയ നിയമങ്ങളുടെ ഇടക്കാല ചരിത്രം

ബൈബിൾ ചരിത്രം, ചിത്രങ്ങൾ, മാപ്പുകൾ

ബൈബിളിന്റെ കാലാനുക്രമ ചരിത്രം

എബ്രായ, ഗ്രീക്ക് വാക്കുകളും അർത്ഥവും

തപാലിൽ ബുക്കുചെയ്യുന്നവർ M.O./D.D. ആയി സത്യം പബ്ലിക്കേഷൻസ്, തിരുവല്ല എന്ന പേരിൽ മാറാവുന്ന വിധത്തിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക പുസ്തകം തപാലിൽ ലഭിക്കണമെങ്കിൽ 100 രൂപ പോസ്റ്റൽ ചാർജ്ജ് നൽകണം

Call A Book 0469 2619657

SATHYAM PUBLICATIONS

Thottabhagom P.O., Thiruvalla - 689 541, Kerala, India

Phone: 0469 - 2619657, 2619209 Fax: 0469 - 2619005

Mobile: 9447126182, 9446026182

Email: satyam_india@yahoo.com,Web: www.sathyam.org,

23 Years in Literature Ministry


## സൗജന്യ വീൽചെയർ വിതരണം തിരുവല്ലായിൽ

**തിരുവല്ല:** ലോകവികലാംഗ ദിനത്തോടനുബന്ധിച്ച് സത്യം മിനിസ്ട്രീസ് 3000 വീൽചെയറുകൾ സൗജന്യമായി വിതരണം ചെയ്യുന്നു. ഡിസംബർ 12ന് തിരുവല്ല മനയ്ക്കച്ചിറയിലുള്ള സത്യകൂടാരത്തിൽ നടക്കുന്ന വിതരണ സമ്മേളനത്തിൽ സത്യം ട്രസ്റ്റ് ചെയർമാൻ സി. വി. വടവന അധ്യക്ഷത വഹിക്കും. കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. രമേഷ് ചെന്നിത്തല എം. എൽ. എ. വിതരണോദ്ഘാടനം നിർവ്വഹിക്കുന്നതായിരിക്കും. സുവിശേഷകൻ പി.എസ്. തമ്പാൻ അനുഗ്രഹപ്രഭാഷണം നടത്തും. വിവിധ രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുക്കും. ഈ സമ്മേളനത്തിൽ ഏവരേയും പ്രത്യേകം ക്ഷണിക്കുന്നു.

പത്രാധിപ സമിതി

**ഡോ. സി.വി. വടവന**
(ചീഫ് എഡിറ്റർ)

**എ.വി. ജോൺ**
**ജിജോ അങ്കമാലി**
**എ.സി. ജോസഫ്**
**പി.എം. ഏബ്രഹാം**
(സബ് എഡിറ്റർ)

**ഇ.എസ്. റെജി**
(മാനേജിംഗ് എഡിറ്റർ)

**മേരിക്കുട്ടി പി.ജെ.**
(സർക്കുലേഷൻ)

**സാം സി. വടവന**
(റസിഡന്റ് എഡിറ്റർ)

വിദേശ പ്രതിനിധികൾ

**യു. എസ്. എ.**

**ന്യൂയോർക്ക്**
എ. ജോൺ ബേബി
845 352 3626

**ടെക്സാസ്**
മാത്യു തോമസ്
281-397-6923

**ഡാളസ്**
എഡ്വിൻ ജോസഫ്
972 965 0449

**മിനിസോട്ടോ**
വർഗീസ് പി. വർഗീസ്
651 686 9797

**ചിക്കാഗോ**
താരു വർഗ്ഗീസ്
630 910 4148

**ഹൂസ്റ്റൺ**
രാജൻ സി. മാത്യു
281 443 0060

**ബഹ്റിൻ**
ജെ. ഡി. പോൾ
714 431

**യു. എ. ഇ.**

**അബുദാബി**
ബിജോയ് ജോൺസ് ജോർജ്ജ്
050 – 5313382

**ഷാർജ**
സി.എം.ജേക്കബ്
050 – 6346356

**ജീവവചനം**
ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക

**വാർഷിക വരിസംഖ്യ**
ഇൻഡ്യയിൽ 50 രൂപ
ആയുഷ്ക്കാല വരിസംഖ്യ 500 രൂപ
USA $ 50
മറ്റു രാജ്യങ്ങൾ 1000 രൂപ

**വിലാസം**
**ജീവവചനം**
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ., തിരുവല്ല - 689 541
Ph: 0469 2619209
Mob: 9447126182

**U.S.A**
Sathyam Publications Inc
P.O. Box. 1297
CORONA, CA 92878
Tel: 562 774 5673
Email: satyam_india@yahoo.com,

www.truthintl.org

തലക്കുറി

# ശുദ്ധിയില്ലാത്ത അധരങ്ങൾ

**ഡോ. സി.വി. വടവന**

നമ്മുടെ സഭാതലം ഭിന്നതകൾ കൊണ്ടു നിറഞ്ഞിരിക്കുന്നതിൽ പ്രധാന പങ്ക് ശുദ്ധിയില്ലാത്ത അധരങ്ങൾക്കുള്ളതാണ്. ജനത്തിനും നേതൃത്വത്തിനും ഹൃദയശുദ്ധി വേണം. ഹൃദയശുദ്ധിയുള്ളവർക്കേ അധരശുദ്ധി പാലിക്കാൻ കഴിയൂ. അധരശുദ്ധിയുള്ളവർക്കേ അനുഗ്രഹം കൈവശമാക്കാൻ കഴിയൂ. സഹോദര സമൂഹത്തിലെ ഭിന്നതകൾ അധരം കൊണ്ടു തീർക്കാൻ ശ്രമിക്കുന്നത് പ്രായോഗികമായിരിക്കില്ല.

യെശയ്യാ പ്രവാചകന്റെ അകൃത്യം നീക്കാൻ യാഗപീഠത്തിലെ തീക്കനൽ പ്രയോജനപ്പെടുത്തിയപ്പോൾ കർത്താവിന്റെ ശബ്ദം ചെവിക്കൊള്ളാൻ ആ പ്രവാചകനു കഴിഞ്ഞു. യെശയ്യാവിനേപ്പോലെ സ്വന്തം അശുദ്ധിയേക്കുറിച്ചു ബോധ്യം കൈവരിക്കുകയാണ് ഒരു ഉത്തമ നേതാവിന്റെ പ്രാഥമിക ദൗത്യം.

ചുറ്റും വസിക്കുന്നവർക്ക് 'അയ്യോ കഷ്ടം' എന്നു പ്രലപിച്ചു നടന്ന യെശയ്യാവ് കർത്താവിനെ യഥാർത്ഥത്തിൽ കണ്ടുകഴിഞ്ഞപ്പോൾ 'എനിക്കയ്യോ കഷ്ടം' എന്നു പ്രഖ്യാപിച്ചു. ഇന്നത്തെ പല സഭാനേതാക്കന്മാരും പ്രവാചകവരേണ്യരും ചുറ്റുമുള്ളവരുടെ 'അയ്യോ കഷ്ടം' ഉയർത്തിപ്പിടിക്കാൻ മിടുക്കന്മാരാണ്. എന്നാൽ 'എനിക്ക് അയ്യോ കഷ്ടം' എന്നു പ്രഖ്യാപിക്കാൻ കെല്പുള്ള 'ആത്മിക തന്റേടികളെയാണ് ദൈവസഭ കാത്തിരിക്കുന്നത്. സ്വന്തം സഹോദരന്റെ കണ്ണിലെ കരട് ശുദ്ധിയില്ലാത്ത അധരം കൊണ്ട് വലിച്ചൂരാൻ ശ്രമിക്കുമ്പോൾ കണ്ണിലെ കോൽ വരുത്തുന്ന വിഘ്നമാണ് നമ്മുടെ സമൂഹമദ്ധ്യേ ഇന്നു മുഴച്ചു നിൽക്കുന്നത്.



ഇതിനുള്ള ഏകപരിഹാരം ആദ്യം കർത്താവിനെ യഥാർത്ഥമായി കാണുക എന്നുള്ളതാണ്. ഹൃദയം തടിച്ചവർക്ക് ഇത് അപ്രായോഗികമായിരിക്കുമ്പോൾ ഹൃദയശുദ്ധിയുള്ളവർക്ക് ഇത് ക്ഷിപ്രസാദ്ധ്യം. ഈ കൺവൻഷൻ കാലയളവിൽ ജനത്തിനു അയ്യോ കഷ്ടം', പ്രഖ്യാപിച്ചു നടക്കുന്നവരൊക്കെ സത്യ അനുതാപത്തോടെ 'എനിക്കു അയ്യോ കഷ്ടം', ബോദ്ധ്യമാകുംവിധം ധ്യാനമന്ദിരത്തിൽ പ്രവേശിക്കുന്നത് അഭികാമ്യമായിരിക്കും. യാഗപീഠത്തിലെ തീക്കനൽ കൊടിൽ കൈയിൽ പിടിച്ചുകൊണ്ടു നിൽക്കുന്ന ദൈവദൂതന് നമ്മുടെ ശുദ്ധിയില്ലാത്ത അധരം കാട്ടിക്കൊടുക്കുവാൻ എത്ര പേർ തയ്യാറാകും.

നമുക്കു അധരത്തെ കാവൽ ചെയ്ത് സൂക്ഷിക്കാം. ദൈവത്തിന്റെ സഭയിൽ ശുദ്ധിയില്ലാത്ത അധരങ്ങൾ വരുത്തി വയ്ക്കുന്ന ദോഷങ്ങളേക്കുറിച്ചു സുബോധമുള്ളവരാകാം. 'എനിക്കു അയ്യോ കഷ്ടം' എന്നു ഏറ്റു പറഞ്ഞുകൊണ്ട് യാഗപീഠത്തിനു മുമ്പിൽ കവിണ്ണു വീഴാം. ദൈവസന്നിധിയിൽ ഉയർച്ച നിശ്ചയം തന്നെ.

ശുദ്ധിയില്ലാത്ത അധരങ്ങൾ തീർക്കുന്ന വെടിയൊച്ച കേട്ട് ജനം മടുത്തു എന്ന് പ്രവാചകവരേണ്യർ മനസ്സിലാക്കിയാൽ നന്നായിരുന്നു. മനഃപാഠമാക്കിയ പ്രസംഗക്കുറിപ്പുകളുമായി നെട്ടോട്ടം നടത്തുന്നതിനിടയിൽ അല്പം പ്രാർത്ഥനയും ധ്യാനവും കൈവശമാക്കുന്നത് നല്ലതല്ലേ? അങ്ങനെയെങ്കിൽ സ്റ്റേജിലെ പുണ്യാളന്മാർ സ്ഥലംസഭയിലും സ്വന്തം നാട്ടിലും പുണ്യവാന്മാരായിരുന്നെങ്കിൽ തെറ്റില്ലല്ലോ!

**ചീഫ് എഡിറ്റർ**

## കത്തുകൾ... കത്തുകൾ... കത്തുകൾ...

കർത്താവിൽ പ്രിയ 'ജീവവചനം' എഡിറ്റർ അറിയുന്നതിന് ജീവവചനം മാസിക ഞാൻ വായിക്കുകയുണ്ടായി. അത് എനിക്ക് വളരെ ആത്മീയ പ്രചോദനം ഉളവാക്കുന്നതിനും കൂടുതൽ ബൈബിൾ പരമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചു. ആയതിനാൽ ഈ മാസികയുടെ ഒരു കോപ്പി അടുത്തമാസത്തിൽ അയച്ചു തരണമെന്ന് ദൈവനാമത്തിൽ അപേക്ഷിച്ചുകൊള്ളുന്നു.

എന്ന് സുവി. ഫിലിപ്പ്,
പാടിമൺ

******************

ദൈവത്തിന് മഹത്വം

ബഹുമാനപ്പെട്ട സത്യം പബ്ലിക്കേഷൻ പ്രവർത്തകർക്ക് ക്രിസ്തീയ വന്ദനങ്ങൾ,

പലരും പുതു വ്യാഖ്യാനങ്ങളുമായി രംഗത്തു വന്നിട്ടുണ്ട് എന്നത് നിങ്ങളും സമ്മതിക്കുമെന്നു കരുതുന്നു. അവരെ നേരിടുവാൻ പൂർവ്വികരായ നമ്മുടെ പിതാക്കന്മാരുടെ എഴുത്തുകൾക്ക് മാത്രമെ കഴിയൂ എന്ന് ഞാൻ കരുതുന്നു. ആയതിനാൽ അവയുടെ പുനപ്രസിദ്ധീകരണം ഇന്ന് അത്യധികം പ്രാധാന്യമർഹിക്കുന്നു.

ഇന്ന് വായനാശീലം കുറഞ്ഞുവരികയാണ്. എല്ലാവരും സമൃദ്ധിയുടെ സുവിശേഷം വിതക്കുന്ന ടി.വിയുടെ പിന്നാലെയാണ്. എന്നാൽ ഒരു കാര്യം ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ദൃശ്യമാധ്യമം മറന്നുപോകും. എഴുത്തുകൾക്ക് മരണമില്ല. മറന്നു പോകുന്നവ വീണ്ടും പുനർജീവൻ നൽകും. എന്നെ പോലുള്ളവർക്ക് ദൃശ്യമാധ്യമങ്ങളെക്കാൾ പ്രിന്റു മാധ്യമങ്ങളാണ് ഉപകാരി. ഇക്കാരണത്താൽ കെ.വി. സൈമൺ സാറിന്റെ "വെളിപ്പാടു പുസ്തക വ്യാഖ്യാനം" പോലുള്ള പഴയ കൃതികൾ പുനപ്രസിദ്ധീകരിക്കുന്നത് പ്രയോജനമാണ് എന്ന് ഞാൻ കരുതുന്നു. സഹകരിക്കും എന്ന പ്രതീക്ഷയോടെ

സഹോ. എബ്രഹാം,
ഷിമോഗ, കർണാടക

## ഇന്ത്യൻ ബ്രദറന് അഭിനന്ദനങ്ങൾ!

ബി.സി.സി.എഫിനോട് ഈയുള്ളവൻ അനുകൂലിക്കുന്നില്ലെങ്കിലും അക്ഷരസ്നേഹിയായ എനിക്ക് നമ്മുടെ സമൂഹത്തിൽ ഒരു പ്രസിദ്ധീകരണം കൂടി ഉണ്ടായതിൽ സന്തോഷമുണ്ട്.

ഇന്ത്യൻ ബ്രദറന്റെ മലയാള വിഭാഗം എഡിറ്ററെ തന്റെ സാക്ഷ്യമില്ലായ്മ നിമിത്തം പരക്കെയുള്ള എതിർപ്പിനെ മാനിച്ച്, മാസികയുടെ ചുമതലയിൽ നിന്നും നീക്കം ചെയ്ത് പുതിയ സഹോദരനെ ചുമതല ഏല്പിച്ചതിൽ ഇന്ത്യൻ ബ്രദറന് അഭിനന്ദനങ്ങൾ!

**ജീവവചനം ചീഫ് എഡിറ്റർ.**

TRUTH alive
Sathyam Publications Brings
Truth Alive - A Family Magazine
For more details please contact:
Sathyam Publications, Thottabhagom P.O.,
Thiruvalla, Kerala, India,
Ph: Tel: 0469 2619209, 2619005,
Mob: 9447126182, 9446026182.

പഴയപുറം

# ക്രിസ്തീയ പൗരോഹിത്യം



കെ.ജി. കുര്യൻ

പ്രവാചകൻ, പുരോഹിതൻ, രാജാവ് എന്നീ മൂന്ന് നിലകളിലാണ് കർത്താവു തന്റെ ശുശ്രൂഷകൾ നിറവേറ്റുന്നത്. അവൻ ഭൂമിയിലായിരുന്നപ്പോൾ പ്രവാചകനെന്ന നിലയിൽ ദൈവത്തിന്റെ വചനം മനുഷ്യരോടറിയിച്ചു. ഭൂമിയിൽ വെച്ച് താൻ ലേവ്യ നിയമമനുസരിച്ചുള്ള പുരോഹിതനല്ലായിരുന്നു. കർത്താവു ലേവി ഗോത്രത്തിൽ നിന്നല്ല യെഹൂദാ ഗോത്രത്തിൽ നിന്നാണല്ലോ വന്നത്. അതുകൊണ്ടാണ് അവൻ ഭൂമിയിലായിരുന്നെങ്കിൽ പുരോഹിതൻ ആകയില്ലായിരുന്നു എന്ന് എബ്രായക്കാരൻ പറയുന്നത് (എബ്രാ. 7:13, 14; 8:4). യേശുക്രിസ്തുവിന്റെ പൗരോഹിത്യവൃത്തം ഭൂമിയല്ല, സ്വർഗ്ഗമാണ് (എബ്രാ. 4:14; 6:20). യിസ്രായേലിന്റെ മഹാപുരോഹിതൻ തന്റെയും ജനത്തിന്റെയും പാപങ്ങൾക്കായി യാഗമർപ്പിച്ചിട്ട് യാഗരക്തവുമായി അതിവിശുദ്ധസ്ഥലത്തേയ്ക്ക് ആണ്ടിലൊരിക്കൽ കയറിച്ചെല്ലും (ലേവ്യ. 16:12-16; എബ്രാ. 9:7). ഈ പാപ പരിഹാര ബലിയുടെ അടിസ്ഥാനത്തിലാണ് മഹാപുരോഹിതന്റെ തുടർന്നുള്ള സകല ശുശ്രൂഷകളും പക്ഷവാദവും സ്വീകാര്യമായി തീരുന്നത്. അഹരോന്റെ ശുശ്രൂഷ നിഴലും കർത്താവായ യേശുവിന്റെ ബലിമരണം പൊരുളുമാണ്. അഹരോൻ മൃഗങ്ങളുടെ രക്തവുമായി അതിപരിശുദ്ധ സ്ഥലത്തേക്ക് കടന്നു പോകുന്നതിന്റെ പൊരുളാണ് കർത്താവായ യേശു തന്നെത്താൻ യാഗമർപ്പിച്ച് സ്വന്ത രക്തത്തിന്റെ യോഗ്യതയിൽ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചിരിക്കുന്നത്. ലേവ്യ പൗരോഹിത്യത്തിൽ കാണുന്ന കാര്യങ്ങളുടെ പൊരുൾ യേശുക്രിസ്തു ഭൂമിയിൽ വെച്ച് സ്വന്തയാഗത്താൽ നിറവേറ്റി. തന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം മൽക്കിസദേക്കിന്റെ ക്രമപ്രകാരം പുരോഹിതൻ എന്ന നാമം ദൈവത്താൽ ലഭിക്കയും ഇന്നു മഹാപുരോഹിതനായി സ്വർഗ്ഗത്തിൽ ശുശ്രൂഷിക്കയും ചെയ്യുന്നു (എബ്രാ. 5:10; 9:24-26)

**മൽക്കിസേദേക്കിന്റെ ക്രമപ്രകാരം പുരോഹിതൻ**

യേശുക്രിസ്തു അഹരോന്റെ ക്രമപ്രകാരമല്ല മൽക്കിസേദേക്കിന്റെ ക്രമപ്രകാരം പുരോഹിതൻ എന്നാണു നാം വായിക്കുന്നത് (എബ്രാ. 6:20). ഈ മൽക്കിസെദേക്ക് ആരാണ്? അവൻ രാജാവും പുരോഹിതനുമായിരുന്നു, അബ്രഹാമിന്റെ സമകാലീനനുമാണ് (ഉല്പ. 14:18; എബ്രാ. 7:1). ചിലർ പറയുന്നതുപോലെ അവൻ ദൈവപുത്രന്റെ ഒരു പ്രത്യക്ഷതയല്ല, കാരണം അവൻ ശാലോം രാജാവായിരുന്നു എന്നു വ്യക്തമായി പറയുന്നു. കനാന്യരുടെ നിയമമനുസരിച്ച് ഒരു പട്ടണത്തിന്റെ രാജാവു തന്നെയായിരുന്നു അവിടുത്തെ പ്രധാന പുരോഹിതനും മൽക്കിസേദെക് ദൈവപുത്രനാണ് എന്ന് പറയുന്നവരുമുണ്ട്. അങ്ങനെയെങ്കിൽ ബേത്ത്ലഹേമിനു മുമ്പുതന്നെ ഒരു മനുഷ്യാവതാരം ഉണ്ടായി എന്നു സമ്മതിക്കേണ്ടി വരും. അവൻ ദൈവപുത്രനു തുല്യൻ എന്നു പറഞ്ഞിരിക്കുന്നതു പൗരോഹിത്യത്തോടുള്ള ബന്ധത്തിലാണ്. അല്ലാതെ അവനു ദൈവത്വം ആരോപിക്കാനല്ല. എബ്രാ. 7:3 പലവിധ വ്യാഖ്യാനങ്ങൾക്കിടയായിട്ടുണ്ട്. വാക്യം ഇങ്ങനെയാണ്: "അവനു പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവും ഇല്ല. അവൻ ദൈവപുത്രനു തുല്യനായി എന്നേക്കും പുരോഹിതനായിരിക്കുന്നു. വേറൊരു പരിഭാഷ ഇപ്രകാരമാണ്: "അദ്ദേഹത്തിന്റെ പിതാവിനെയോ മാതാവിനേയോ ജീവാരംഭത്തെയോ ജീവാവസാനത്തേയോ കുറിച്ചു വംശാവലിയിൽ എഴുതപ്പെട്ടിട്ടില്ല. ദൈവപുത്രനു സദൃശമായി അദ്ദേഹത്തിന്റെ പ്രധാന ചാതുർയ്യാർത്ഥം ശാശ്വതമായിരിക്കുന്നു." ലേവ്യ പൗരോഹിത്യ വംശാവലി ആവശ്യമാണ്.

വംശാവലി രേഖയിൽ തങ്ങളുടെ പേരു കാണാഞ്ഞതിനാൽ ഏതാനും പുരോഹിതന്മാരെ പൗരോഹിത്യത്തിൽ നിന്നു നീക്കിക്കളഞ്ഞതായി എസ്രായുടെ പുസ്തകത്തിൽ നാം വായിക്കുന്നു. (2:62), ജീവാരംഭമില്ല, ജീവാവസാനമില്ല, മാതാവില്ല, പിതാവില്ല എന്നു പറഞ്ഞാൽ ജനനമരണങ്ങളില്ലാതെ അനാദിയായി സ്ഥിതി ചെയ്യുന്നവൻ എന്നല്ല, ജനനം, മരണം ഇവയെപ്പറ്റിയോ മാതാപിതാക്കന്മാരെക്കുറിച്ചോ എന്തെങ്കിലും അറിയത്തക്കവണ്ണം ഒരു വംശാവലി രേഖ നമുക്ക് കിട്ടിയിട്ടില്ല എന്നേ അർത്ഥമുള്ളൂ. മൽക്കീസേദെക്കിന്റെ പൗരോഹിത്യം പരമ്പരാഗതമായി ലഭിച്ചതോ പിൻതുടർച്ചാവകാശമുള്ളതോ ആയിരുന്നില്ല. ഈ നിലയിൽ അവൻ ദൈവപുത്രനു തുല്യനായി വിവരിക്കപ്പെട്ടിരിക്കുന്നു. മൽക്കീസേദെക്കിന്റെ പൗരോഹിത്യം യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിന്റെ സാദൃശ്യമാണ്. ഈ ഭാഗത്തെക്കുറിച്ച് ഡോ. വീറ്റ്സ് തന്റെ എബ്രായ ലേഖനവ്യാഖ്യാനത്തിൽ പറഞ്ഞിരിക്കുന്നതു ചുവടെ ചേർക്കുന്നു: "മൽക്കീസേദെക്കിന്റെ ചരിത്രം എഴുതിയിരിക്കുന്ന വിധം നോക്കിയാൽ മാതാവും പിതാവും ഇല്ലാത്തതും ജീവാവസാനമില്ലാത്തതുമായ ഒരാളാണെന്നു തോന്നും; ഈ നിലയിൽ ദൈവപുത്രനോടു ഉപമിച്ചിരിക്കുകയുമാണ്. വെസ്റ്റ് കോട്ട് പറയുംപോലെ, ഈ സാമ്യം മെൽക്കീസേദെക്കിന്റെ വ്യക്തിത്വത്തിലല്ല, തിരുവെഴുത്തിന്റെ വിവരണവിധത്തിലാണ് അടങ്ങിയിരിക്കുന്നത്. അതിൽതന്നെ നിത്യമായ ഒന്ന് വേറൊന്നിന്റെ സാദൃശ്യമാകാൻ കഴികയില്ല, അതുതന്നെ പൊരുളാണല്ലൊ."

*(തുടരും)*

യേശുവിന്റെ ഉപമകൾ - 2

# പുളിച്ചമാവ്

(മത്തായി 13:33,34)



പി. എം. ഏബ്രഹാം
(ചെറുപുഴ)

പുരുഷാരത്തോടായി കർത്താവു പറഞ്ഞ നാല് ഉപമകളിൽ അവസാനത്തേതാണ്, പുളിച്ചമാവിന്റെ ഉപമ.

യിസ്രായേലിന്റെ ജീവിതവുമായി വളരെയധികം ബന്ധപ്പെട്ട ഒരു വസ്തുവാണ് പുളിച്ചമാവ്. യെഹൂദരബ്ബികളുടെ എഴുത്തുകളിൽ പുളിച്ചമാവ് തിന്മയുടെ പ്രതീകമായിട്ട് ഉപയോഗിച്ചിട്ടുള്ളതായി ലൈറ്റ് ഫുട്ട് രേഖപ്പെടുത്തിയിരിക്കുന്നു. പഴയനിയമത്തിൽ പുളിച്ചമാവ് പൊതുവെ തിന്മയെയാണ് കാണിക്കുന്നത്. യാഗങ്ങളിൽ (യേശുക്രിസ്തുവിനെ പ്രതിനിധീകരിക്കുന്നു) പുളിപ്പിന്റെ അംശം ഉണ്ടായിരിക്കുവാൻ പാടില്ലായിരുന്നു. മാനുഷീക "അവസ്ഥയെ പ്രതിനിധീകരിക്കുന്ന യാഗത്തിനോടുള്ള ബന്ധത്തിൽ മാത്രം പുളിപ്പു ഉപയോഗിച്ചിരിക്കുന്നതായി ചുരുക്കം ചില പഴയനിയമഭാഗങ്ങളുണ്ട് (ലേവ്യ. 7:11-13; 23:15-17).

പെസഹയുടെ ദിവസത്തിൽ യിസ്രായേൽമക്കളുടെ വീടുകളിൽനിന്നും പുളിച്ചമാവ് നീക്കേണ്ടിയിരുന്നു (പുറ. 12:15). പുളിപ്പുള്ള അപ്പം തിന്നുന്നവനെ യിസ്രായേലിൽ നിന്നു ഛേദിച്ചുകളയണമെന്നായിരുന്നു ദൈവം മോശെയിലൂടെ യിസ്രായേൽ ജനത്തെ ഓർമ്മിപ്പിച്ചത്. യാഗങ്ങളിൽ പുളിപ്പുണ്ടായിരിക്കുവാൻ പാടില്ലായിരുന്നു (പുറ. 34:25; ലേവ്യ. 2:1; 10:12).

മത്തായിയുടെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ പറഞ്ഞതുകൂടാതെ മറ്റുമൂന്നു ഭാഗങ്ങളിൽ പുളിച്ചമാവിനെക്കുറിച്ചു യേശുക്രിസ്തു പറയുകയുണ്ടായി. പരീശന്മാർ, സദൂക്യർ, ഹെരോദ്യർ തുടങ്ങിയവരുടെ പുളിമാവ് സൂക്ഷിച്ചുകൊള്ളുവാൻ കർത്താവ് ശിഷ്യന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി (മത്താ. 16:6-12; മർക്കൊ. 8:15). പുളിച്ചമാവ് സദൂക്യരുടെയും പരീശന്മാരുടെയും ദുരുപദേശത്തെ കാണിക്കുന്നുവെന്നാണ് കർത്താവ് പറഞ്ഞത് (മത്താ. 16:12). പരീശന്മാരുടെ പുളിച്ചമാവ് വെറും ആചാരപരതയാണ്. അവരുടെ ഭക്തി, ബാഹ്യവും കപടവുമാണ് (മത്താ. 23:14; 16:23-28). പഴയനിയമത്തിന് അതീവ പ്രാധാന്യം നൽകുന്ന ഇവരുടെ മതഭക്തി ബാഹ്യവും കാപട്യം നിറഞ്ഞതും ആയിരുന്നതിനാൽ കർത്താവും (മത്താ. 12:1,2; 23:1-33; ലൂക്കൊ. 6:6,7; 9:37-54; 12:1) അതുപോലെ യോഹന്നാൻ സ്നാപകനും അവരെ ശാസിക്കുകയുണ്ടായി (മത്താ. 3:7-12).

സദൂക്യർ, ശലോമോന്റെ കാലത്ത് ജീവിച്ചിരുന്ന മഹാപുരോഹിതനായ സാദോക്കിന്റെ (1 രാജാ. 2:35) മുൻഗാമികളാണെന്ന് വിശ്വസിക്കപ്പെടുന്നു. മക്കാബിയസ്സിന്റെ കാലത്തു പ്രബലരായി എ.ഡി. 70-ലെ യെരൂശലേം നാശത്തിനു ശേഷം ഇവർ അപ്രത്യക്ഷരായി. പരീശന്മാരുടെ എതിരാളികളായ ഇവർ യെഹൂദന്മാരുടെ ഇടയിൽ രാഷ്ട്രീയ നേതൃത്വം വഹിക്കുന്ന സമ്പന്ന വർഗ്ഗമായിരുന്നു. പുനരുത്ഥാനം, ദൂതന്മാർ, ആത്മാവിന്റെ അനശ്വരത തുടങ്ങിയ കാര്യങ്ങളിൽ വിശ്വസിച്ചിരുന്നില്ല. തിരുവെഴുത്തുകളെക്കുറിച്ചു അവർക്കുള്ള ധാരണ വികലമാണ് (മത്താ. 22:23,29).

ഹെരോദ്യർ മതതീവ്രവാദികൾ എന്നതിലുപരിയായി രാഷ്ട്രീയ വാദികളാണ്. ക്രിസ്തുവിനെ ഒരു വിപ്ലവകാരിയായിട്ടാണവൻ വീക്ഷിച്ചിരുന്നത്. ഹെരോദ്യരുടെ പുളിച്ചമാവ് ജഡമയത്വമാണ് (മത്താ. 22:16-21; മർക്കൊ. 3:6).

'പുളിച്ചമാവ്' എന്ന പദം തിന്മയുടെ പ്രതീകമായിട്ടു മാത്രമാണ് കർത്താവ് ഉപയോഗിച്ചിട്ടുള്ളത്. അപ്പൊസ്തലനായ പൗലൊസ് കൊരിന്ത്യർക്ക് എഴുതുമ്പോൾ, 'നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയപിണ്ഡം ആകേണ്ടതിനു പഴയ പുളിമാവിനെ നീക്കിക്കളയുവിൻ' എന്ന് ഉപദേശിക്കുകയുണ്ടായി (1 കൊരി. 5:6-8). തിന്മയുടെയും ദുഷ്ടതയുടെയും പ്രതീകമായിട്ടാണ് പുളിമാവിനെക്കുറിച്ച് ഇവിടെ പറഞ്ഞിരിക്കുന്നത്. 'അസാരം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്നു'വെന്നു ഗലാത്യർക്ക് പൗലൊസ് എഴുതുകയുണ്ടായി (ഗലാ. 5:9). ആർതർ ഡബ്ല്യൂ. പിങ്ക് ഇതോടുള്ള ബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്: "പുളിമാവ് എന്ന പദം പുതിയനിയമത്തിൽ പതിമൂന്നു എന്ന സംഖ്യ എല്ലായ്പ്പോഴും തിന്മയോടും സാത്താന്റെ പ്രവർത്തനങ്ങളോടും ബന്ധപ്പെട്ടതാണ്."

ഏതു നിലയിൽ ചിന്തിച്ചാലും, ഉപമയിൽ രേഖപ്പെടുത്തിയിരിക്കുന്ന പുളിച്ചമാവ് സുവിശേഷത്തെയല്ല, ദുരുപദേശത്തെയാണ് കാണിക്കുന്നത്.

"എല്ലാം പുളിച്ചുവരുവോളം" എന്ന പ്രയോഗം ലോകത്തിന്റെ പരിവർത്തനത്തെക്കുറിക്കുന്നുവെന്ന വ്യാഖ്യാനം ശരിയല്ല.കളയും ഗോതമ്പും, വല തുടങ്ങിയ ഉപമകളുടെ പഠിപ്പിക്കലിനു വിരുദ്ധമായ വ്യാഖ്യാനമായിരിക്കും അത്. കാരണം ഈ ഉപമകളിൽ, ഗോതമ്പും കളയും, നല്ല മീനും ചീത്ത മീനും ലോകാവസാനം വരെയും സ്വർഗ്ഗരാജ്യത്തിലുണ്ടായിരിക്കുമെന്നാണ് പഠിപ്പിച്ചത്. നാം ജീവിക്കുന്ന ഈ യുഗം ഭാഗീകമായി പരിവർത്തനം ചെയ്യപ്പെട്ടതു മാത്രമാണ്. സ്വർഗ്ഗരാജ്യം ഒരു നിലയിലും പൂർണ്ണമായി പരിവർത്തനം ചെയ്യപ്പെട്ടതല്ല ഭാഗീകമായി മാത്രമുള്ളതാണ്.

❑❑❑



### സി. എച്ച്. സ്പർജൻ സംസാരിക്കുന്നു...

# വേദപുസ്തകത്തിന്റെ നിശ്വാസീയത

**വേ**ദപുസ്തകത്തിന്റെ നിശ്വാസീയത തള്ളിക്കളയാൻ കഴിയുന്നവർ അങ്ങനെ ചെയ്യട്ടെ. പക്ഷേ, എനിക്കും നിങ്ങൾക്കും അതിനു കഴിയില്ല. ദൈവത്തിന്റെ സുനിശ്ചിതമായ വാഗ്ദത്തം എറിഞ്ഞു കളയുന്നവർ അതു ചെയ്യട്ടെ. അവർക്ക് ആശ്വാസപ്രദമായി മറ്റെന്തോ ലഭിച്ചിട്ടുണ്ട്. അവർക്ക് അവരുടെ തത്ത്വജ്ഞാനത്തിലേക്കു പോകുകയോ, അവരുടെ മിഥ്യാഭിമാനത്തിലേക്കു തിരിയുകയോ ചെയ്യാം. എന്നാൽ ഈ പുസ്തകം സത്യമല്ലെങ്കിൽ അത് എന്നെയും നിങ്ങളെയും സംബന്ധിച്ചു നിരാശാജനകമായ ഒരു വിഷയമായിരിക്കും. അതുകൊണ്ട് ഏതു അപകടത്തിലും അതിനെ സംരക്ഷിക്കാൻ നമുക്കു തയ്യാറാകാം. അതിനുവേണ്ടി മരിക്കണമെങ്കിൽ മരിക്കാം. ഓ, സഹോദരങ്ങളേ, വ്യാജമായ പുസ്തകത്തിനുവേണ്ടി ജീവിക്കുന്നതിനേക്കാൾ, സത്യമായ പുസ്തകത്തിനുവേണ്ടി മരിക്കുന്നതാണു നല്ലത്.

ഏതു ഭാഗമാണു ദൈവശ്വാസീയം, ഏതു ഭാഗമാണു ദൈവശ്വാസീയമല്ലാത്തത് എന്ന സംശയം നമ്മിൽ അവശേഷിച്ചാൽ, വേദപുസ്തകമേ ഇല്ലാതിരിക്കുന്നത്ര മോശം സ്ഥിതിയിലാണു നാം. എനിക്കു ദൈവശ്വാസീയതയെക്കുറിച്ചുള്ള സിദ്ധാന്തമൊന്നുമില്ല. തിരുവെഴുത്തിന്റെ ദിവ്യപ്രചോദനം ഒരു വസ്തുതയായി ഞാൻ അംഗീകരിക്കുന്നു.

ഈ പുസ്തകത്തിന്റെ അപ്രമാദിത്വത്തിൽ ഞാൻ വിശ്വസിക്കുന്നില്ലെങ്കിൽ, അതില്ലാതിരിക്കുന്നതാണ് എനിക്കു നല്ലത്. ഇതിനെ ഞാൻ വിധിച്ചാൽ, അത് എന്റേതായ വിധിയല്ല. ഇതു പാറ്റിപ്പെറുക്കിയിട്ട് എന്റെ വിധിയനുസരിച്ച് ഇതു മാറ്റി വച്ചിട്ട് അതു മാത്രം സ്വീകരിച്ചാൽ, എന്റെ ഹൃദയത്തെ വിശ്വസിക്കാവുന്നത്ര മിഥ്യാബോധം എനിക്കില്ലെങ്കിൽ എനിക്കു പിന്നെ മാർഗ്ഗനിർദ്ദേശമൊന്നുമില്ല. ദൈവവചനത്തിന്റെ അപ്രമാദിത്വത്തെ നിഷേധിക്കുന്ന പുതിയ സിദ്ധാന്തങ്ങൾ, പ്രായോഗികമായി അതിനെ മനുഷ്യന്റെ വിധികൾക്ക് ഏല്പിക്കുകയാണ്. കുറഞ്ഞപക്ഷം, അവർക്ക് ആകെക്കൂടി ലഭിക്കുന്നത് അപ്രമാദിത്വത്തിലാണ്. "ആധുനിക ചിന്ത"യുടെ വിളിയിൽ ഭൂമിയിൽ നിന്നെഴുന്നേൽക്കുന്ന കലഹക്കാരായ നേതാക്കന്മാരെക്കാൾ, സ്വർഗ്ഗത്തിൽ നിന്നു പ്രചോദിക്കപ്പെട്ട ഒരു വഴികാട്ടിയുമായി എന്റെ ആത്മാവിനെ അപായപ്പെടുത്തുന്നതാണ് എനിക്കിഷ്ടം.

നമ്മുടെ സ്രഷ്ടാവാണ് ബൈബിളിന്റെ എഴുത്തുകാരൻ. കാരണം, മനുഷ്യനെക്കുറിച്ച് അവന്റെ സ്രഷ്ടാവായ കർത്താവിനല്ലാതെ മറ്റാർക്കും അത്രത്തോളം അറിയില്ല. എല്ലാ ഹൃദയങ്ങളുടെയും രഹസ്യങ്ങളെ ഈ പുസ്തകം വെളിപ്പെടുത്തുന്നു. നമ്മുടെ സ്വകാര്യ ചിന്തകളുടെ മറ നീക്കുന്ന പുസ്തകമാണിത്.

തിരുവെഴുത്തിന്റെ അപ്രമാദിത്വത്തിൽ (പുറംചട്ട മുതൽ പുറംചട്ട വരെയുള്ള തികഞ്ഞ അപ്രമാദിത്വം) ഞാൻ വിശ്വസിച്ചില്ലെങ്കിൽ, ഈ പ്രസംഗപീഠത്തിൽ ഇനിയൊരിക്കലും ഞാൻ പ്രവേശിക്കുകയില്ല!

"തിരുവെഴുത്തുകളിലെ തെറ്റുകളെക്കുറിച്ചു" മനുഷ്യർ സംസാരിക്കുന്നു. ഞാനൊരു തെറ്റും ഇതുവരെ കണ്ടിട്ടില്ലാത്തതിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. വിവർത്തനത്തിൽ തെറ്റുകൾ കണ്ടേക്കാം; കാരണം, വിവർത്തകർ മനുഷ്യരാണല്ലോ. എന്നാൽ യഥാർത്ഥ വചനത്തിൽ തെറ്റുപറ്റാനാവില്ല. കാരണം, അത് അരുളിച്ചെയ്ത ദൈവം അപ്രമാദിത്വമുള്ളവനാണ്. അതുപോലെതന്നെയാണ് അവൻ സംസാരിക്കുന്ന ഓരോ വചനവും. ആ വിശ്വാസത്തിൽ നമുക്ക് ആനന്ദിച്ച് ആശ്വസിക്കാം.

അതു പറയുന്നതെന്തും വിശ്വസിക്കാനും, അതു ദൈവവചനമാണെന്നു വിശ്വസിക്കാനും ഞാൻ സജ്ജമായിരിക്കുകയാണ്. കാരണം, അതെല്ലാം സത്യമല്ലെങ്കിൽ, എന്നെ സംബന്ധിച്ച് അതിനു കാൽക്കാശിന്റെ വിലയില്ല.

ആക്ഷരികമായ ദൈവനിശ്വാസ്യതയിൽ അതിന്റെ എല്ലാ ബുദ്ധിമുട്ടുകളോടും കൂടെ നാം വിശ്വസിക്കുന്നു. കാരണം, മനുഷ്യനു സങ്കല്പിക്കാവുന്ന മറ്റേത് ഉപദേശങ്ങളിൽ ഉള്ള ബുദ്ധിമുട്ടുകളുടെ പകുതി ഇതിലില്ല. തിരുവെഴുത്തിന് ഒരിക്കലും തെറ്റുപറ്റുകയില്ല.

തിരുവെഴുത്തിന്റെ ആക്ഷരികമായ ദൈവനിശ്യാസത നിരസിക്കുന്ന നിരവധിയാളുകളുണ്ട്. വാക്കുകൾ ദൈവനിശ്വാസീയമല്ലെങ്കിൽ, തിരുവെഴുത്തിന് എങ്ങനെ ദൈവനിശ്വാസീയമാകാൻ കഴിയുമെന്നു കാണുന്നതിൽ ഞാൻ പരാജയപ്പെടുന്നു. യഥാർത്ഥത്തിലുള്ള എബ്രായ, ഗ്രീക്കു പദങ്ങൾ സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെട്ടതാണെന്നു ഞാൻ വിശ്വസിക്കുന്നു. ഏതു ഭാഗത്തുനിന്നും ഇതിന് എതിർപ്പുണ്ടായാലും, എന്റെ കർത്താവിന്റെ വാക്കുകൾ ഞാൻ തള്ളിക്കളഞ്ഞാൽ അവന്റെ ചിന്തകളും ഞാൻ തള്ളിക്കളയുകയാണെന്ന ഉറച്ച വിശ്വാസത്തിൽനിന്നു ഞാനൊരിക്കലും മാറുകയില്ല. ❑❑❑



# സ്ത്രീകൾ സഭയിൽ - ഒരു നിശബ്ദ ഭൂരിപക്ഷം - 4

(തുടർച്ച)

**പ്രൊഫ. പി.പി. സ്കറിയ**

**സ്ത്രീ**കൾ സഭയിൽ പ്രാർത്ഥിക്കുകയും സ്തോത്രം ചെയ്യുകയും പ്രവചിക്കുകയും ചെയ്യാമെന്ന് പറയുന്നത് ഒരു നവീനോപദേശമല്ല. പുതിയ നിയമം നിഷ്പക്ഷമായി പഠിക്കുമ്പോൾ ഇത് ഒരു അപ്പൊസ്തൊലിക ഉപദേശമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. അനേക നൂറ്റാണ്ടുകളായി മങ്ങിക്കിടന്ന ഒരു സത്യത്തിന്റെ ഒരു പുനർ അവതരണമാണത്. ഇതോടുള്ള ബന്ധത്തിൽ ഒരു ബ്രദറൺ ഉപദേഷ്ടാവും ബൈബിൾ കോളേജ് അദ്ധ്യാപകനും The Layman's Bible Commentary യുടെ എഡിറ്റേഴ്സിൽ ഒരാളുമായ H.L. Ellison വേദപഠനത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് ഇവിടെ ഉദ്ധരിക്കട്ടെ.

'Bible Studies can never remain static, for the passage of time brings forth light to bear upon the next, whether in historical and other factual data as a result of new discoveries, or through the insights of scholars and others who apply themselves to pondering the Word of God'.

വിശ്വാസത്താലുള്ള നീതീകരണം ബൈബിളിൽ എത്ര വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കാലക്രമത്തിൽ സഭയിൽ നിന്നും ആ ഉപദേശം അപ്രത്യക്ഷമായി. മാർട്ടിൻ ലൂഥർ അത് പുനരവതരിപ്പിച്ചപ്പോൾ അത് ഒരു നവീന ഉപദേശമായിട്ടാണ് റോമാസഭ കണ്ടത്. അതുപോലെ എല്ലാ വിശ്വാസികൾക്കുമുള്ള സാർവത്രിക പൗരോഹിത്യം, വിശ്വാസത്തിന്റെ പിന്നാലെയുള്ള മുഴുകൽ സ്നാനം, പ്രത്യേക പുരോഹിതന്മാരില്ലാതെ തിരുവത്താഴ ശുശ്രൂഷ നടത്തൽ എന്നിവയൊക്കെ നവീന ദുരുപദേശങ്ങളായി പാരമ്പര്യ ക്രൈസ്തവ സഭകൾ പുച്ഛിച്ചു പുറംതള്ളുകയാണ് ചെയ്തിട്ടുള്ളത്. കർത്താവിന്റെ രണ്ടാം വരവ് പുതിയനിയമത്തിൽ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്ന വസ്തുതയാണ്. എന്നാൽ രണ്ടാം നൂറ്റാണ്ടിനുശേഷം അത് വിസ്മൃതിയിലായി. പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ അത് വീണ്ടും ശക്തിയോടെ പുനർചിന്തയ്ക്ക് വിധേയമായി. സഭയുടെ രഹസ്യ ഉൾപ്രാപണം എന്നുള്ളത് പത്തൊമ്പതാം നൂറ്റാണ്ടിൽ ജെ. എൻ. ഡാർബിയാണ് അവതരിപ്പിച്ചത്. അത് ദുരുപദേശമാണ് എന്ന് Benjamin Wills Newton പറഞ്ഞെങ്കിലും സുവിശേഷ വിഹിതസഭകൾ അതിനെ ഇന്ന് മൊത്തത്തിൽ അംഗീകരിക്കുന്നുണ്ട്. ഒരുപദേശം ശരിയോ തെറ്റോ എന്നു തീരുമാനിക്കുന്നത് ദൈവവചനത്തിന്റെ അടിസ്ഥാനത്തിലാണ്, അല്ലാതെ എത്ര വർഷങ്ങൾ സഭയിലുണ്ടായിരുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല. വേദപണ്ഡിതന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ പ്രകടിപ്പിച്ചെന്നുവരാം. തങ്ങളുടെ അഭിപ്രായം മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാതെ സാഹോദര്യസ്നേഹത്തിൽ ഒരുമിച്ചു മുമ്പോട്ടുപോകുവാനുള്ള ആത്മീയ വളർച്ചയും പക്വതയുമാണ് ഇന്നിന്റെ ആവശ്യം. എതിരഭിപ്രായം പ്രകടിപ്പിക്കുന്നവരുടെ മേൽ പത്രോസിന്റെ വാൾ ഉപയോഗിക്കാതിരിക്കുന്നതാണ് ഉത്തമം. സംവാദവും ചർച്ചയും സത്യം കണ്ടുപിടിക്കുന്നതിന് ഒരു പരിധിവരെ ഉപകരിക്കും.

നമ്മുടെ സഭകളിൽ സ്ത്രീകൾക്കുള്ള സ്ഥാനം പുനഃപരിശോധനയ്ക്ക് വിധേയമാകേണ്ടതാണെന്നുള്ള ചിന്ത വളരെക്കാലം മുമ്പേ എന്നിൽ ഉദിച്ചിട്ടുണ്ട്. അത് എഴുത്തുകളിൽ കൂടിയും പ്രസംഗം വഴിയും ഞാൻ പ്രകടിപ്പിച്ചിട്ടുമുണ്ട്. അനുകൂലവും പ്രതികൂലവുമായ പ്രതികരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തെക്കുറിച്ച് ആഴമായ ഒരു പഠനം നടത്താൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. എന്റെ പഠനം എന്റെ ആശയങ്ങളെ കൂടുതൽ ഉറപ്പിക്കാനേ ഇടയാക്കിയിട്ടുള്ളു. എന്റെ അഭിപ്രായത്തിന് അപ്രമാദിത്വമൊന്നും ഞാൻ അവകാശപ്പെടുന്നില്ല. എന്നോടു യോജിക്കാത്തവർ അനാത്മികരാണെന്നോ, ദുരുപദേഷ്ടാക്കന്മാരാണെന്നോ, വചനമറിയാത്തവരാണെന്നോ ഞാൻ കരുതുന്നില്ല. അവരൊക്കെ പണ്ഡിതന്മാരും ഭക്തരും ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണ്. എന്നാൽ അവരെപ്പോലെ വേദപാണ്ഡിത്യമില്ലെങ്കിലും ഒരഭിപ്രായം പറയാൻ സ്വാതന്ത്ര്യം എനിക്കുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ബെരോവയിലെ വിശ്വാസികളെപ്പോലെ നാം കേൾക്കുന്ന വചനം അങ്ങനെ തന്നെയോ എന്ന് പരിശോധിക്കാനുള്ള ഉത്തരവാദിത്തം എല്ലാ വിശ്വാസികൾക്കുമുണ്ട്. എല്ലാം പരിശോധിച്ച് നല്ലതിനെ മുറുകെപിടിക്കുവാനാണല്ലോ കല്പന. ഒരു നാണയത്തിന്റെ മറുവശം ചൂണ്ടിക്കാണിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഇത് സഭയിൽ ഒരു ഭിന്നതയ്ക്ക് മുഖാന്തിരമായി തീരരുത് എന്നതിൽ എനിക്ക് നിർബ്ബന്ധമുണ്ട്. എന്റെ സഭയിൽപോലും ഇത് പ്രായോഗികമായിട്ടില്ല. പൊതുവെ ഈ വിഷയത്തിൽ ഒരു അവബോധം ഉണ്ടാകണമെന്നു മാത്രമാണ് എന്റെ ലക്ഷ്യം. ബഹുഭൂരിപക്ഷം വരുന്ന സഹോദരീവർഗ്ഗത്തെ സഭയുടെ പ്രവർത്തനത്തിന്റെ മുഖ്യധാരയിൽനിന്ന് മാറ്റിനിറുത്തിക്കൊണ്ടുള്ള പ്രയാണം സഭയുടെ ആത്മീകാഭിവൃദ്ധിക്ക് തടസ്സമായിരിക്കുന്നു എന്നുള്ള ചിന്തയും എന്നെ ഭരിക്കുന്നുണ്ട്. ഇതോടുള്ള ബന്ധത്തിൽ എനിക്ക് മാർഗ്ഗനിർദ്ദേശം തരുന്ന എഫ്.എഫ്. ബ്രൂസിന്റെ ചില വാക്കുകൾ ഇവിടെ ഉദ്ധരിക്കുന്നു. ഇത് എല്ലാവർക്കും ബാധകമാകേണ്ട ഒരു നിർദ്ദേശമായി ഞാൻ കരുതുന്നു.

"..... Nothing should be done to endanger the unity of a local church. Let those who understand the scriptures.... the liberty to expound them thus, but let them not force the pace or try to impose their understanding of the scriptures until that understanding finds general acceptance with the church - and when it does, there will no need to impose it."

ഈ ലേഖന പരമ്പരയുടെ അടിസ്ഥാനത്തിൽ എന്നെ ഒരു ദുരുപദേഷ്ടാവായി മുദ്രകുത്താൻ സാധ്യതയുള്ളതുകൊണ്ട് ഒരു മുൻകൂർ ജാമ്യം (anticipatory bail) എടുക്കേണ്ടത് ആവശ്യമാണ്. എന്റെ അഭിപ്രായത്തിനനുകൂലമായി എഴുതിയിട്ടുള്ള പ്രഗത്ഭരായ ചില ബ്രദറൺ ഉപദേഷ്ടാക്കന്മാരുടേയും വേദപണ്ഡിതന്മാരുടേയും ഒരു വൻ മതിൽ പടുത്തുയർത്തി സ്വയം പ്രതിരോധിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ❑❑❑

*B.C.C.F നിർദ്ദേശങ്ങൾ വിവാദമാകുന്നു*

# വിവാഹ ശുശ്രൂഷ ചെയ്യാൻ ലൈസൻസ് വേണമെന്നോ!

**പി.ഡി. ചാക്കോ, കുറുമാത്തൂർ (കണ്ണൂർ)**



നമ്മുടെ ഇടയിൽ ആദ്യകാലത്തു നടന്ന ഒരു വിവാഹശുശ്രൂഷയെക്കുറിച്ച് "ശതാബ്ദി സ്മരണിക"യുടെ 144, 145 പുറങ്ങളിൽ വിവരിച്ചിരിക്കുന്നത് ഒന്നു മറിച്ചു നോക്കിയാൽ, പട്ടത്വത്തിന്റെ ഗാംഭീര്യമോ വിവാഹലൈസൻസിന്റെ ബലമോ വിവാഹസ്ഥലത്തിന്റെ പ്രാധാന്യമോ ഒന്നുമല്ല, നമ്മുടെ കർത്താവിന്റെ മഹൽസാന്നിധ്യവും അനുഗ്രഹവുമാണ് നമ്മൾ വലുതായി കാണുന്നത് എന്നു മനസ്സിലാക്കാം!

"1901 ഡിസംബർ 1 ഞായർ. ഇടയാറന്മുള വാളൻപറമ്പിൽ മത്തായി സഹോദരന്റെ ഭവനം. ഇദ്ദേഹം പ്രസിദ്ധനായ മാരാമൺ കപ്യാരുപദേശിയുടെ അനുജനായിരുന്നു. വീടിന്റെ മുറ്റത്തു തയ്യാർ ചെയ്ത പന്തലിൽ വിവാഹശുശ്രൂഷ എന്നത് ദേശവാസികൾക്കെല്ലാം പുതുമയും കൗതുകവുമുളവാക്കുന്ന സംഭവമായിരുന്നു. പാസ്റ്റർ പി.ഇ. മാമ്മനും (കുമ്പനാട്ടച്ചൻ) അദ്ദേഹത്തോടൊപ്പം '99 നവംബറിൽ കോയിപ്പുറത്തു വെച്ചു സ്നാനമേറ്റ കരുനാഗപ്പള്ളിക്കാരൻ പോൾപീറ്റർ വക്കീലുമുണ്ടായിരുന്നു. (ഇദ്ദേഹം 'സുവിശേഷക്കൊടി' എന്ന മാസികയുടെ പ്രസിദ്ധീകരണത്തിൽ റവ. മാമ്മന്റെ സഹപ്രവർത്തകനായിരുന്നു). പ്രത്യേകക്ഷണപ്രകാരം കെ.വി. സൈമൺസാറും തദവസരത്തിൽ സന്നിഹിതനായിരുന്നു. അദ്ദേഹം ജീവിതത്തിൽ ആദ്യമായി കണ്ട "ബ്രദറൺ വിവാഹ ശുശ്രൂഷ" ശ്രദ്ധിച്ചു വീക്ഷിച്ചു. മിന്നും ചരടുമില്ലാതെ, മോതിരവും മന്ത്രകോടിയുമില്ലാത്ത വിവാഹം. ദൈവമക്കളുടെ കൂടിവരവിൽ വാഗ്ദത്തപ്രകാരം കർത്തൃസാന്നിധ്യമുണ്ട് എന്നനുസ്മരിപ്പിച്ചുകൊണ്ട് പാസ്റ്റർ മാമ്മൻ ക്രിസ്തീയ കുടുംബജീവിതത്തെക്കുറിച്ച് തിരുവെഴുത്തുകൾ ആധാരമാക്കി സംസാരിച്ചു. നിയുക്ത ദമ്പതികളെ വിശുദ്ധ വിവാഹബന്ധത്തിൽ യോജിപ്പിച്ചു പ്രാർത്ഥിച്ചു. സമ്മിശ്ര വികാരങ്ങളോടെ വിവിധ ക്രൈസ്തവ സമുദായസ്ഥർ പങ്കെടുത്തു. കാർമ്മികൻ മുൻവൈദികനാകയാൽ ശുശ്രൂഷകൾക്ക് അതിന്റേതായ സവിശേഷതകളും കുറവില്ലായിരുന്നു." (കുമ്പനാട്ടച്ചൻ ഈ വിവാഹം നടത്തിയത് ഒരു വൈദികൻ എന്ന നിലയിലോ 'വിവാഹ ലൈസൻസി'ന്റെ പിൻബലത്തിലോ ആയിരുന്നില്ല എന്നതു ശ്രദ്ധേയം. കുമ്പനാട്, ഇരവിപേരൂർ മാർത്തോമ്മാ ഇടവകകളുടെ വികാരിയായിരുന്ന ഇദ്ദേഹം 1897ൽ കുന്നംകുളത്തെത്തി സ്നാനപ്പെടുകയും പട്ടത്വവും ളോഹയും ഇടവകയും ഉപേക്ഷിച്ച് സമുദായം വിട്ടുപോരുകയും ചെയ്തു.1899 മാർച്ച് 19-നു ഞായറാഴ്ച കുമ്പനാട്ട് ഒരു സഹോദരന്റെ വീട്ടുവരാന്തയിൽ വെച്ചു നടന്ന കേരളത്തിലെ ചരിത്രപ്രസിദ്ധമായ ആദ്യ അപ്പം നുറുക്കൽ ശുശ്രൂഷയിൽ പങ്കെടുത്ത 4 പേരിൽ ഒരാൾ ഇദ്ദേഹമായിരുന്നു – "ശതാബ്ദി സ്മരണിക"യുടെ 53–ാം പേജ് കാണുക).

യഥാർത്ഥത്തിൽ ആരാണ് നമ്മുടെ വിവാഹങ്ങളുടെ ആലോചനക്കാരനും നടത്തിപ്പുകാരനും. ഒരു സംശയവും വേണ്ട, ദൈവമായ കർത്താവു തന്നെ. ഈ സത്യം ദമ്മേശെക്കുകാരനായ എല്യേസറിനും അരാമ്യരായ ലാബാനും ബെഥൂവേലിനും പോലും നല്ലതുപോലെ അറിയാമായിരുന്നു. എല്യേസർ അതു അബ്രഹാമിൽ നിന്നാണു മനസ്സിലാക്കിയത് (ഉല്പ. 24:7, 12,27); ലാബാനും ബെഥൂവേലും മനസ്സിലാക്കിയത് എല്യേസറിൽനിന്നും (ഉല്പ. 24:27, 33–48). അവർ പറയുകയാണ്: ഈ കാര്യം യഹോവയാൽ വരുന്നു. നിന്നോടു ഗുണമെങ്കിലും ദോഷമെങ്കിലും പറവാൻ ഞങ്ങൾക്കു കഴിയുകയില്ല. ഇതാ റിബേക്കാ നിന്റെ മുമ്പാകെ ഉണ്ടല്ലോ; അവളെ കൂട്ടിക്കൊണ്ടു പോക; യഹോവ കല്പിച്ചതുപോലെ അവൾ നിന്റെ യജമാനന്റെ മകനു ഭാര്യ ആകട്ടെ" (ഉല്പ. 24:50–51). ശിംശോൻ തിമ്നക്കാരി ഫെലിസ്ത്യ കന്യകയെ ഭാര്യയായിട്ടെടുത്തതും യഹോവയുടെ ആലോചനയാൽ എന്നു കാണാം. (ന്യായാ. 14:4 – അവളെ അവനു നഷ്ടമായത് അവന്റെ പ്രവൃത്തി ദോഷംകൊണ്ടു മാത്രം). നമ്മുടെ വിവാഹശുശ്രൂഷകളിലൊക്കെ വന്നു സംബന്ധിച്ചിട്ടുള്ള സമുദായക്കാരോടൊ അന്യജാതിക്കാരോടൊ ചോദിച്ചാൽ അവരും പറയും, ബ്രദറൺകാരുടെ വിവാഹാലോചനയും നടത്തിപ്പും ദൈവത്താൽ സംഭവിക്കുന്നതാണെന്ന്. കാരണം, എത്രയോ പ്രാവശ്യം മത്താ 19:6 അവർ വായിച്ചു കേട്ടിരിക്കുന്നു! "ദൈവം യോജിപ്പിച്ചതിനെ ............" ദൈവം നമ്മുടെ വിവാഹങ്ങൾക്കു സാക്ഷിയാണ്! "യഹോവ നിനക്കും നിന്റെ യൗവ്വനത്തിലെ ഭാര്യയ്ക്കും മദ്ധ്യേ സാക്ഷി" ("The LORD has been witness between you and the wife of your youth") – മല. 2:14. "അവൾ നിന്റെ കൂട്ടാളിയും നിന്റെ ധർമ്മപത്നിയുമല്ലോ'' (`Your companion and your wife by covenant") –ദൈവത്തെ സാക്ഷി നിർത്തിക്കൊണ്ട് ഉടമ്പടി ചെയ്തു സ്വീകരിച്ച നിന്റെ ഭാര്യ. ഇന്നും നാം "സകലത്തെയും ജീവിപ്പിക്കുന്ന ദൈവത്തെയും പൊന്തിയൊസ് പീലാത്തോസിന്റെ മുമ്പിൽ നല്ല സ്വീകാരം കഴിച്ച ക്രിസ്തുയേശുവിനെയും സാക്ഷി" നിർത്തിയാണ് വിവാഹം നടത്തുന്നത്.

(തുടരും)

# സുവിശേഷീകരണവും സ്ഥലം സഭയുടെ പങ്കാളിത്തവും



**റെജി ഈട്ടിമൂട്ടിൽ**

അതതു തലമുറയിൽ ജീവിച്ചിരിക്കുന്നവർക്ക് സുവിശേഷം എത്തിക്കുക എന്നുള്ളതാണ് സുവിശേഷീകരണം എന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത്. പാപത്തിൽ വീണുപോയ മനുഷ്യനെ ഉദ്ധരിക്കാൻ പ്രാപ്തനായ സ്നേഹസ്വരൂപനായ ഒരു ദൈവമുണ്ടെന്ന് ബോദ്ധ്യപ്പെടുത്തുന്നതത്രേ സുവിശേഷവേല. മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും അടിസ്ഥാന കാരണം അവന്റെ പാപമാണ്. മതങ്ങൾ പഠിപ്പിക്കുന്നതുപോലെ നീതി പ്രവർത്തികൾ നിമിത്തം പാപമോചനം സാധ്യമല്ലെന്നും പാപത്തിന്റെ ഫലമായ നിത്യനരകം മനുഷ്യനു പകരം യേശുക്രിസ്തു ക്രൂശിലനുഭവിച്ചെന്നും ദൈവം തന്റെ പുത്രന്റെ ബലി മരണത്തിന്റെ അടിസ്ഥാനത്തിൽ പുത്രനിൽ വിശ്വസിക്കുന്നവനോട് പാപം ക്ഷമിച്ച് പുത്രി പുത്രന്മാരാക്കി തീർത്ത്, അവർക്ക് നിത്യജീവൻ നൽകുന്നു എന്നതുമാണ് സുവിശേഷ സത്യത്തിന്റെ സംഗ്രഹം. ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവാണ് സുവിശേഷത്തിന്റെ ജീവതന്തു. (2 തിമൊ. 2:8) സുവിശേഷം ദൈവശക്തിയാണ് (റോമ. 1:16). അത് ദൈവത്തിന്റെ സുവിശേഷമാണ് (1 തെസ്സ. 2:2,9). ക്രിസ്തുവിന്റെ സുവിശേഷമാണ് (മർക്കൊ. 1:1). ദൈവകൃപയുടെ സുവിശേഷമാണ് (അപ്പൊ. 20:24). സമാധാന സുവിശേഷമാണ് (എഫെ. 6:15). രക്ഷയെക്കുറിച്ചുള്ള സുവിശേഷമാണ് (എഫെ. 1:13). തേജസ്സുള്ള സുവിശേഷമാണ് (2 കൊരി. 4:4).

ഓരോ വിശ്വാസിയും ഒരു മിഷനറിയും അവിശ്വാസി ഒരു വേലസ്ഥലവുമാണ്. ദശലക്ഷകണക്കിനാളുകൾ ഒരിക്കൽപോലും സുവിശേഷം കേട്ടിട്ടില്ലാത്തതിനാൽ ഒരാൾക്ക് ഒന്നിലധികം പ്രാവിശ്യം സുവിശേഷം ശ്രദ്ധിക്കുവാൻ അനുവാദമില്ല എന്ന് ഒരിക്കൽ ഒരു ദൈവദാസൻ പറഞ്ഞത് ഇവിടെ ഗൗരവമായി ചിന്തിക്കണം.

2. എന്തുകൊണ്ട് സുവിശേഷീകരണം?

എന്തുകൊണ്ട് നാം സുവിശേഷം അറിയിക്കണം. ആത്മാക്കളെ നേടുകയെന്നത് സഭയുടെ മഹത്തായ ദൗത്യമാണ്. ദൈവസഭയുടെ വർദ്ധനക്കും സ്വർഗ്ഗത്തിന്റെ സന്തോഷത്തിനുമായി ,സഭ ഈ വേല ചെയ്തേ തീരൂ.

സുവിശേഷവൽക്കരണത്തിൽ നിന്നും ഒഴിഞ്ഞുമാറാത്തത്ര കടപ്പാടാണ് സഭയ്ക്കുള്ളതെന്ന് ഗ്രഹിക്കാം.

1. കർത്താവിന്റെ കല്പന

"നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊ. 16:15)

സർവ്വ ജഗനിയന്തവും പരമോന്നത ദൈവവുമായ കർത്താവായ യേശുക്രിസ്തുവിന്റെ കല്പനയാണിത്. ഈ പ്രപഞ്ചവനിയിലെ ദൃശ്യവും അദൃശ്യവുമായതെല്ലാം അവിടുത്തെ ആജ്ഞാനുവർത്തികളാണെങ്കിൽ തന്റെ ചങ്കിലെ രക്തത്തിന്റെ വിലയായ സഭ എത്രയധികം. സർവ്വ സൈന്യാധിപനായ യേശുക്രിസ്തുവിനെ അനുസരിക്കേണ്ടവരാണ് സൈന്യത്തിലെ ഓരോ ഭടനും.

2. ആത്മാവിന്റെ വില

ഒരു മനുഷ്യൻ സർവ്വലോകത്തേക്കാളും മൂല്യമുള്ളവനാണ് (മത്താ. 16:26). ലോകത്തിൽ മറ്റാരും മനുഷ്യന് കല്പിക്കാത്ത അഭൗമിക വിലയാണ് ക്രിസ്തു മനുഷ്യാത്മാവിന് കൊടുത്തിരിക്കുന്നത്. മനുഷ്യാത്മാവിന്റെ വിലയറിയാവുന്ന ഭൂമിയിലെ ഏക സ്ഥാപനം സഭയത്രെ. നഷ്ടപ്പെട്ട മനുഷ്യന്റെ ദുരവസ്ഥയ്ക്കു മുമ്പിൽ കണ്ണടച്ചുകളവാൻ സഭയ്ക്കാകുമോ? ദൈവമക്കൾക്ക് മണ്ണിനപ്പുറത്തേക്ക് കൊണ്ടുപോകുവാൻ കഴിയുന്ന ഏകസമ്പാദ്യമാണ് ആത്മാക്കൾ.

3. യേശുക്രിസ്തുവിന്റെ ക്രൂശുമരണം

കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ ത്യാഗവും ചോരചൊരിച്ചിലും ദാരുണമൃത്യുവും ചരിത്രം ദർശിച്ചതിൽ വച്ചേറ്റവും ഭീഭത്സമാണ്. സമസ്ത മനുഷ്യ ജീവികൾക്കായും വേണ്ടിയാണ് ക്രിസ്തു മരിച്ചത്. ഈ വസ്തുത അംഗീകരിച്ച് ഒരു പാപി രക്ഷിക്കപ്പെടുമ്പോൾ തന്റെ പ്രയത്നഫലം കണ്ടു കർത്താവ് തൃപ്തനാകുകയാണ്. സുവാർത്ത കേൾക്കാതെ ഒരുവൻ നരക ലോകം പൂകിയാൽ സഭാജനം കുറ്റക്കാരാകും.

4. നരകത്തിന്റെ ഭീകരത

"അബ്രഹാം പിതാവേ, എന്നോട് കനിവുണ്ടാകേണമേ ലാസർ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ തണുപ്പിക്കേണ്ടതിന് അവനെ അയക്കേണമേ. ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു." (ലൂക്കൊ. 16:24) എന്ന ധനവാന്റെ അപേക്ഷ നരകത്തിന്റെ ഭീകരതയുടെ ചിത്രം നമുക്കു മുമ്പിൽ വെളിപ്പെടുത്തുന്നു. നമ്മുടെ അനേകം പ്രിയപ്പെട്ടവർ നിത്യകാലം ഈ യാതന അനുഭവിക്കണമെന്നത് നമ്മെ സുവിശേഷ രംഗത്ത് കർമ്മോല്മുഖരാക്കേണ്ടതാണ്. എനിക്കു കഴിയുമായിരുന്നെങ്കിൽ എന്റെ സഹപ്രവർത്തകരെ 24 മണിക്കൂർ നരകത്തിന്റെ മുകളിൽ ഞാൻ കെട്ടിതൂക്കുമായിരുന്നു. അവർ നരകത്തിന്റെ ഭീകരത ഗ്രഹിച്ച് ആ കർമ്മം നിറപടിയായി നിറവേറ്റുവാനാണത്" എന്ന് സാൽവേഷൻ ആർമിയുടെ സ്ഥാപകൻ വില്ല്യം ബൂത്ത് പ്രസ്താവിച്ചത് ഇവിടെ ചിന്തനീയമത്രെ.

5. ലോകത്തിന്റെ അവസ്ഥ

ലോകത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾക്കുള്ള മറുമരുന്ന് സുവിശേഷമാണ്. കടന്നു വന്ന് ഞങ്ങളെ സഹായിക്കുക എന്ന മക്കദോന്യവിളി നമുക്ക് ലോകത്തിൽ കേൾക്കാം. അയൽക്കാരന്റെ വീട് തീക്കമരുമ്പോൾ നോക്കിനിൽക്കാൻ യഥാർത്ഥ അയൽക്കാരനാകുമോ? സുവിശേഷത്തിനായി വിളഞ്ഞ് വെളുത്തിരിക്കുന്ന, പാകമായ വയലത്രെ നമുക്ക് ചുറ്റുമുള്ള ലോകം. ❑

# നോയൽ മെമ്മോറിയൽ സ്കൂളുകൾ അക്ഷരത്തിന്റെ പൈതൃകം; ബ്രദറൺകാരുടേയും

ബ്രദറൺ മിഷണറിയായിരുന്ന ഇ.എച്ച് നോയൽ സുവിശേഷദർശി മാത്രമായിരുന്നില്ല; സമൂഹത്തെകുറിച്ചുള്ള വ്യക്തതയുള്ള കാന്തദർശി കൂടിയായിരുന്നു അദ്ദേഹം. താൻ തുടക്കം കുറിച്ച ആതുര പ്രവർത്തനങ്ങളും പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇതിന് ഉദാഹരണങ്ങളാണ്. ആ ക്രിസ്തു സ്നേഹിയുടെ സ്കൂൾ പ്രവർത്തനങ്ങൾ ശതാബ്ദി പിന്നിടുന്നത് അഭിമാനകരമാണ്. സ്ഥലം സഭകളുടെ കൂടിവരവുകൾക്ക് ഉപകരിക്കുക, വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പിന്നോക്ക വിഭാഗങ്ങളുടെ ഉദ്ധാരണം, തൊഴിലവസരമെന്നിവയായിരുന്നു മിഷറിവര്യൻ ഇതിലൂടെ സ്വപ്നം കണ്ടത്.


*നോയൽ സ്കൂൾ*

1909ൽ കൊട്ടാരക്കരയിൽ തൃക്കണ്ണമംഗൽ ക്രിസ്തുവിലാസം സ്കൂൾ സ്ഥാപിച്ചു. പിന്നീട് മിഷനറി നോയൽ അത്തേറ്റടുത്തു. ബ്രദറൺ മിഷൻ സ്ക്കൂൾ എന്ന പേരിൽ രൂപം കൊണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ 1945ന് ശേഷം നോയൽ മെമ്മോറിയൽ സ്കൂൾ എന്ന പേരൽ അറിയപ്പെട്ടു തുടങ്ങി. നോയൽ മെമ്മോറിയൽ എൽ.പി. സ്കൂൾ കരിയംപ്ലാവ്, കനകപലം, പാമ്പാടി, പാമല, ശബരിമാങ്കൽ, മൈലപ്ര, ഉതിമൂട്, ഉട്ടുപാറ, മണ്ണാറത്തറ, മന്ദമരുതി, വിലങ്ങറ, തൃക്കണ്ണമംഗൽ എന്നീ 12 എൽ. പി. സ്കൂളുകളും (ഇതിൽ തൃക്കണ്ണമംഗൽ കൊട്ടാരക്കര-ക്രിസ്തുവിലാസം നോയൽ മെമ്മോറിയൽ സ്കൂൾ എന്നറിയപ്പെടുന്നു). കലഞ്ഞൂർ, കങ്ങഴ, കീക്കൊഴൂർ, ഇടയാർമുള എന്നീ നാലു യു.പി. സ്കൂളുകളും കുമ്പനാട് കരിയംപ്ലാവ് എന്നീ ഹൈസ്കൂളുകളും എന്നിങ്ങനെ 18 സ്കൂളുകളാണ് ഇന്ന് നമുക്കുള്ളത്. ഇതിൽ ചിലത് നൂറു വർഷം പിന്നിട്ടിരിക്കുന്നു. കൂടാതെ അൺ എയിഡഡ് പ്ലസ് ടു കോഴ്സ് കുമ്പനാട് കരിയംപ്ലാവ് എന്നിവിടങ്ങളിൽ 2002ൽ അനുവദിക്കപ്പെട്ടു. 24 ഓളം സ്കൂളുകൾ മിഷനറി സ്ഥാപിച്ചെങ്കിലും ചിലത് നിന്നുപോയി. ഈ സ്കൂളുക്കളുടെ ആസ്ഥാന ആഫീസ് 1996 മുതൽ കുമ്പനാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. നേയ്യൽ, ഫൗണ്ടൻ, പെയ്ൻ, മക്നോട്, വൈൻ എന്നീ വിദേശ സഹോദരൻമ്മാരായിരുന്നു. ആദ്യകാല ഭരണ സാരഥികൾ. തുടർന്ന് കെ. എ. തോമസ്, കെപി. ജോർജ്, എ.കെ. തോമസ്, വി.കെ. മാത്യൂ എന്നിവർ സേവനമനുഷ്ഠിച്ചു. ഇപ്പോൾ കർത്താവിൽ പ്രസിദ്ധനായ പ്രൊഫ. ജേക്കബ് തോമസ് കല്ലിശ്ശേരിയുടെ മാനേജുമെന്റിൽ ഫലപ്രദമായി സ്കൂൾ നടപടികൾ മുന്നേറുന്നു.



*പ്രൊഫ. ജേക്കബ് തോമസ് (മാനേജർ)*

2011ൽ 75 വർഷം പിന്നിടുന്ന നോയൽ മെമ്മോറിയൽ സ്കൂൾ കുമ്പനാടാണ് നോയൽ സ്കൂളുകളിൽ മുഖ്യം. യു.പി.എസ്, ഹൈസ്കൂൾ, പ്ലസ് ടു എന്നീ വിദ്യാലയങ്ങളാണിവിടെയുള്ളത്. 275 കുട്ടികളും 20 ടീച്ചേഴ്സ്, സ്റ്റാഫുകളും ഇവിടെയുണ്ട്. തികഞ്ഞ അച്ചടക്കവും ആത്മീകാന്തരീക്ഷവും ആഴ്ചയിൽ ഒരിക്കൽ കുട്ടികൾക്കായി ചൈൽഡ് ഇവാഞ്ചലിസം പ്രോഗ്രാമും ഇവിടെ നടത്തപ്പെടുന്നു.

വർദ്ധിച്ചുവരുന്ന ആംഗ്ലേയ മദ്ധ്യമ സ്കൂളുകളും, കുട്ടികളുടെ ദൗർലഭ്യവും, നമ്മുടെ വിദ്യാഭ്യാസമേഖലയും പ്രതിസന്ധിയിലാക്കുന്നുണ്ട്. നമുക്കഭിമാനമായ ഈ വിദ്യാലയങ്ങളെ, നമ്മുടെ മിഷനറി ശ്രേഷ്ഠരുടെ സ്വപ്നങ്ങൾക്കനുസൃതമായി നയിക്കുവാൻ കാലികമായ പൊളിച്ചെഴുത്തും, കർമ്മകുശലതയും, കൂട്ടായ യജ്ഞവും അനിവാര്യമാണ്.

സമർപ്പിതരായ മാനേജുമെന്റിനൊപ്പം തിരുനാമമത്വത്തിനായി, നമുക്കും പ്രാർത്ഥനയുടെ കൈകോർക്കാം.


*സാറാമ്മ ഇടിക്കുള*
*(H.M. നോയൽ H.S. കുമ്പനാട്)*

ബ്രദറൺ സമൂഹത്തിന്റെ ആത്മാഭിമാനമായ ഈ അക്ഷരശുശ്രൂഷയ്ക്ക് ജീവവചനത്തിന്റെ വിജയമന്ത്രങ്ങൾ നേരുന്നു.

(ജീവവചനം റിപ്പോർട്ടർ റെജി ഈട്ടിമൂട്ടിൽ).

# റിയാങ്ങ് അഭയാർത്ഥികൾക്ക് ആശ്വാസവുമായി സത്യം മിനിസ്ട്രീസ്


*ഡോ. സി.വി. വടവന അഭയാർത്ഥി ക്യാമ്പിൽ മിഷനറിമാരോടൊപ്പം*


*അഭയാർത്ഥി ക്യാമ്പിലെ സ്കൂൾ വിദ്യാർത്ഥികൾ*


*പുതുതായി പണി കഴിപ്പിച്ച എബനേസർ സഭയിലെ വിശ്വാസികളോടൊപ്പം ഡോ.സി.വി. വടവന*

**റി**യാങ്ങ് ഗോത്ര വിഭാഗത്തിന്റെ ഇടയിൽ സത്യം മിനിസ്ട്രീസ് സുവിശേഷ പ്രവർത്തനങ്ങളോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി വരുന്നു. സത്യം തിയോളജിക്കൽ സെമിനാരി ഗ്രാജുവേറ്റ്സായ മെസാകാ, ജോൺ എന്നിവർ ഇവിടുത്തെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. മിസോറാമികളും റിയാങ്ങ് ഗോത്രവർഗ്ഗക്കരും പേരിൽ ശത്രുക്കളാണെങ്കിലും ക്രിസ്തുവിൽ സ്നേഹിതരാണ് എന്നു തെളിയിക്കുന്ന ഘടകമാണ് മിസോറാമിയായ സഹോദരൻ മെസാകാ റിയാങ്ങ് വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവൃത്തിക്കുന്നത്. നശിച്ചുപോകുന്ന ജനത്തെക്കുറിച്ചുള്ള ഭാരമാണ് റിയാങ്ങ് വർഗ്ഗത്തിന്റെ ഇടയിൽ സുവിശേഷവേല ചെയ്യുവാൻ ഈ സുവിശേഷകരെ പ്രേരിപ്പിക്കുന്നത്. പല അഭയാർത്ഥി ക്യാമ്പുകളിലും ജീസസ് ഫിലിം പ്രദർശിപ്പിച്ചു. സഹോദരൻ മെസാകായുടെ കഠിന പരിശ്രമത്താൽ സ്ഥാപിതമായ എബെനേസർ ചർച്ചിന്റെ ഉദ്ഘാടനം ഡോ. സി.വി. വടവന നിർവഹിച്ചു. വിദ്യാഭ്യാസം ഇവർക്ക് ഒരു സ്വപ്നം മാത്രമായിരുന്നെങ്കിലും അഭ്യുദയ കാംക്ഷികളുടെ സഹായത്താൽ സ്കൂളുകൾ റിയാങ്ങ് ഗോത്രവിഭാഗത്തിനുവേണ്ടി തുടങ്ങി. *(തുടർച്ച 11-ാം പേജിൽ)*

# SALE

## SATHYAM PUBLICATIONS

*Souls Through God's Word*

# Christmas Book Fair 2011



Books can make you grow

## Up to 70% discount

* Many varieties of Bible * Dake's Annotated Reference Bible * Bilingual Study Bible * Bible Commentaries * Reference books * Biographies * 400 different versions of the Bible * Spiritual hymns * CDs and DVDs

*"New book load has arrived from USA"*

***Date: 1st Dec - 31st Dec, 2011***

Venue: **Aksharakhani,**

*Sathya koodaram, Thottabhagom*

For more details: +91 9446026182, 9447126182

**SATHYAM PUBLICATIONS**

Thottabhagom P.O.

Thiruvalla - 689 541, Kerala, India.

Tel/Fax: 0469 - 2619657, 2619209, 2619005

Toll free 1800 425 1211

CALL A BOOK 0469 2619657

Email: sales@truthintl.org

SLS

www.sathyam.org

# ബ്രദറൺ സഭാ വാർത്തകൾ

## ഭിവാനി ബ്രദറൺ അസംബ്ലി

**ഹരിയാന:** ദൈവകൃപയാൽ 1996 ഡിസംബർ 1നു നമ്മുടെ ഒരു കൂടിവരവ് ഇവിടെ ആരംഭിക്കുവാൻ വലിയവനായ കർത്താവ് ഇടയാക്കി. പലവിധമായ പ്രതികൂല സാഹചര്യങ്ങളിൽ കൂടെയും ഇവിടുത്തെ പ്രവർത്തനങ്ങൾ കടന്നുപോയിട്ടും അതിശയകരമായി ഇവിടുത്തെ പ്രവർത്തനങ്ങളെ കർത്താവു മുന്നോട്ടു കൊണ്ടുപോയി. ക്രിസ്തീയ പ്രവർത്തനങ്ങൾക്കു അനുകൂലമായ ഒരു സാഹചര്യവും ഇവിടില്ല എങ്കിലും 15ലധികം കുടുംബങ്ങളെ ദൈവം നൽകിത്തന്നു. 45ലധികം പേർ ഇവിടെ കൂടിവരുന്നുണ്ട്. എല്ലാവരും പുതുതായി വിശ്വാസത്തിൽ കടന്നുവന്നവരാണ്.

പുറം ലോകവുമായി അധികം ബന്ധം ഒന്നുമില്ലാത്ത, അറിയപ്പെടുന്ന ഒരു സ്ഥാപനം പോലും ഇല്ലാത്ത ചെറിയൊരു സ്ഥലമാണ് ഭിവാനി. ഇവിടുത്തെ വിശ്വാസികളായ Bro. Amith Sharma-യും തന്റെ ഭാര്യ Teena-യും ദൈവവചനം പഠിക്കുന്നതിനായി Bible School-ൽ പോയിരിക്കുന്നു. ഞങ്ങളെയും ഇവിടുത്തെ പ്രവർത്തനങ്ങളെയും ഓർത്തു പ്രാർത്ഥിക്കുക. സുവി. കെ.കെ. തങ്കച്ചൻ.

## സുവിശേഷ യോഗം

**തൃശ്ശൂർ:** കൊടകര ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ നേതൃത്വത്തിൽ കൊടകര ചർച്ച് അങ്കണത്തിൽ വെച്ച് ഡിസംബർ 18 ഞായർ വൈകിട്ട് 6 മുതൽ 9 വരെ ഏകദിന സുവിശേഷ യോഗം നടത്തപ്പെടും. സുവി. പി.സി. വർഗ്ഗീസ് പെരുവ വചനം പ്രസംഗിക്കും. അങ്കമാലി കാൽവറി വോയ്സ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. സുവി. എം.എൻ. ശശി ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. കൺവൻഷന്റെ അനുഗ്രഹത്തിനായി എല്ലാ ദൈവമക്കളുടെയും വിലയേറിയ പ്രാർത്ഥന ക്ഷണിച്ചു കൊള്ളുന്നു.

## ബിലീവേഴ്സ് ബ്രദറൺ അസംബ്ലി, ഷാഹ്പൂർ, പാറ്റ്ന

**പാറ്റ്ന:** സുവിശേഷകൻ സുരേഷ് 2002 മുതൽ ഷാഹ്പൂർ കേന്ദ്രമാക്കി സുവിശേഷ പ്രവർത്തനം നടത്തിവരുന്നു. ചില വർഷങ്ങളിലെ പ്രവർത്തനം മുഖാന്തിരം ഇവിടെ ഒരു കൂടിവരവ് തുടങ്ങുവാൻ ഇടയായി. ഞായറാഴ്ചകളിൽ ആരാധനയും, ബുധനാഴ്ച ബൈബിൾ ക്ലാസ്സും, വെള്ളിയാഴ്ച ഉപവാസ പ്രാർത്ഥനയും നടന്നു വരുന്നു. കൂടാതെ ശനിയാഴ്ച യുവജനങ്ങൾക്കുവേണ്ടി യുവജന സമ്മേളനവും ഞായറാഴ്ച കുട്ടികൾക്കുവേണ്ടി സണ്ടേസ്കൂളും നടത്തിവരുന്നു.

ഇപ്പാൾ ഏകദേശം 35 ൽ അധികം വിശ്വാസികൾ സ്ഥിരമായി ആരാധനയിൽ സംബന്ധിക്കുന്നു. ഇവിടെ ഒരു സഭാഹാൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമായി വന്നിരിക്കുകയാണ്. ബീഹാറിലെ തലസ്ഥാന നഗരമായതിനാൽ സ്ഥലത്തിന് വൻവില നൽകേണ്ട സാഹചര്യമാണുള്ളത്. ഇവിടെയുള്ള വിശ്വാസികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാകയാൽ തുച്ഛമായ തുക മാത്രമേ പിരിക്കുവാൻ സാധിക്കുന്നുള്ളൂ. ഒരു അഞ്ച് സെന്റ് സ്ഥലവും അതിൽ ഒരു സഭാഹാളും പണിയുവാൻ ആഗ്രഹിക്കുന്നു. ഈ ആവശ്യത്തിലേക്ക് ഒരു ജോയിന്റ് അക്കൗണ്ട് എടുത്തിട്ടുണ്ട്. ദൈവവേലയെ സ്നേഹിക്കുന്ന ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണം പ്രതീക്ഷിക്കുന്നു. ബിലീവേഴ്സ് ബ്രദറൺ അസംബ്ലിക്ക് വേണ്ടി മൂപ്പന്മാർ. സുവി. സുരേഷ് കെ., ബ്രദർ ധർമേന്ദ്രർ കുമാർ.

**സ്ഥലം സഭ**

Account Details
A/c No: 308053000005483
IFSE Code SIBL 0000308
Address
Evg. Suresh k.
Believers Brethren Assembly
Flat No. D2/1
Purnedu Nagar, Phulwari Sharif
Patna - 801505, Bihar.

## അഭ്യർത്ഥന

**ബീഹാർ:** സുവിശേഷകൻ ലാലു പ്രസാദ് ബഗത് ഹാവേലി കരഖ്പൂർ കേന്ദ്രമാക്കി 1998 മുതൽ കുടുംബമായി സുവിശേഷപ്രവർത്തനത്തിൽ ഏർപ്പെട്ടുവരുന്നു. 2000ൽ ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ ഇടയായി. തുടർന്ന് ബീഹാറിലും ജാർഖണ്ഡിലെ വിവിധ സ്ഥലങ്ങളിലും സുവിശേഷപ്രവർത്തനത്തിനായി കടന്നു ചെല്ലുകയും അനേകയിടങ്ങളിൽ സഭാ കൂടിവരവ് സ്ഥാപിക്കുകയും ചെയ്തു. കഴിഞ്ഞ 9 വർഷമായി താരാപൂർ എന്ന സ്ഥലത്തും സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടു വരുന്നു.

കഴിഞ്ഞ 13 വർഷമായി സുവി. ലാലു പ്രസാദ് വാടക വീടുകളിൽ താമസിച്ചാണ് സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടു വരുന്നത്. അടിക്കടിയുള്ള വീട് മാറ്റവും ഉയർന്ന വാടകയും നിമിത്തം പലപ്പോഴും സുവിശേഷ പ്രവർത്തനത്തിന് തടസ്സം ഉണ്ടാകാറുണ്ട്. ഒരു ചെറിയ ഭവനം സ്വന്തമായി നിർമ്മിക്കുവാൻ താല്പര്യപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണി ഹൃദയ സംബന്ധമായ അസുഖത്താൽ ഭാരപ്പെടുന്നു. മൂന്ന് മക്കൾ അടങ്ങുന്ന കുടുംബം വളരെ പ്രയാസങ്ങൾ സഹിച്ചാണ് കഴിയുന്നത്. സുവിശേഷകനെ സഹായിക്കുവാൻ താല്പര്യപ്പെടുന്നവർ SBI, Main Branch Munger ഉള്ള അക്കൗണ്ടിലേക്കോ താഴെകൊടുത്തിരിക്കുന്ന അഡ്രസ്സിലോ ബന്ധപ്പെട്ടാലും.


Bank Account Details
SBI Main Branch, Munger, Bihar
A/c No: 11173882062
IFSE Code: SBIN 00136
Branch Code: 0136
Address
Evg. Laloo Prasad Bhagat
Sant tola village
Haveli Kharagpur P.O.
Munger Dist, Bihar - 811213
Email: brolaloo@yahoo.co.in

## മണ്ണാരക്കുളഞ്ഞി കൺവൻഷൻ

മണ്ണാരക്കുളഞ്ഞി ബ്രദറൺ കൺവൻഷൻ 2012 ജനുവരി 18 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തപ്പെടും. ചാണ്ടപ്പിള്ള ഫിലിപ്പ് മണർകാട്, വർഗീസ് കുര്യൻ പാമ്പാടി, ജോസ് മാങ്കുടി-പുൽപ്പള്ളി എന്നിവർ പ്രസംഗിക്കും.

കൺവൻഷനോടനുബന്ധിച്ച് 20ന് രാവിലെ 9.30 മുതൽ 1 വരെ സഹോദരിമാരുടെ യോഗവും 21ന് 9 മുതൽ 1.30 വരെ എസ്.ബി.എസ്. പത്തനംതിട്ട സെന്റർ ഏകദിന സമ്മേളനവും ഉണ്ടായിരിക്കുന്നതാണ്.

## നിര്യാതരായി




**മൈലപ്ര:** റിട്ട. ഹെഡ്മാസ്റ്റർ കരിങ്കുറ്റിക്കൽ കെ.ടി. പത്രോസ് (80) നിര്യാതനായി. സംസ്കാരം മൈലപ്ര ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: പാണ്ടനാട് കോട്ടേത്ത് ബേബി. മക്കൾ: ജോളി, സാം, എൽസി, ബ്ലസി. മരുമക്കൾ: മാത്തുക്കുട്ടി, ബീന, റെജി, റോജി.



**തെള്ളിയൂർ:** അടിച്ചനാ കുഴിയിൽ പരേതനായ മാർക്കോസ് പാപ്പന്റെ ഭാര്യ സാറാമ്മ (58) നിര്യാതയായി. സംസ്കാരം നവംബർ 18ന് ബ്രദറൺ അസംബ്ലി ചർച്ച് സെമിത്തേരിയിൽ വെച്ച് നടത്തി. മക്കൾ: ബിനു, ബിജി. മരുമക്കൾ: ബിജു, ലൗലി.

**കുമ്പനാട്:** കൊടുംതറ ഭവനിൽ കെ.സി. ചെറിയാൻ (77) നവംബർ 13ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 15ന് കുമ്പനാട് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സഭാ സെമിത്തേരിയിൽ നടത്തി. മക്കൾ: ജെയിംസ് കെ. ചെറിയാൻ, ജോയ്സ് വൽസൻ. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങൾക്ക് വേണ്ടി ദൈവജനം പ്രാർത്ഥിക്കുക.

**മൂവാറ്റുപുഴ:** ഊരമന കൊടിയാറ്റ് ഹൗസിൽ ജയ്നമ്മ തോമസ് (84) നവംബർ 9ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം 12ന് നടത്തപ്പെട്ടു. മക്കൾ: രമണി രാജു, സൂസി സഖറിയ, സാമൂവേൽ തോമസ്, ലില്ലി ജയിംസ്, ആലീസ് ഡേവിഡ്, ജോയ് തോമസ്. ദുഃഖാർത്തരായ ഭവനാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.



**കുമ്പനാട്:** ഐരാക്കാവ് വാത്തിതറ ഇളപ്പുങ്കൽ പുത്തൻപുരയിൽ പി.സി. ജേക്കബിന്റെ (ബേബി) ഭാര്യ കർത്താവിൽ നിദ്ര പ്രാപിച്ച സാറാമ്മ ജേക്കബിന്റെ ഭൗതീകശരീരം കുമ്പനാട് ബ്രദറൺ സഭാഹാളിൽ സംസ്കാര ശുശ്രൂഷയ്ക്ക് ശേഷം 12 മണിക്ക് സഭാ സെമിത്തേരിയിൽ സംസ്കാരം നടത്തി. പരേത കുറിയന്നൂർ കവുങ്കോട്ടേത്ത് കുടുംബാംഗമാണ്. മക്കൾ: ഡെയിസി, സ്റ്റാൻലി. മരുമക്കൾ: ബെന്നി (സൗദി), ഷെല്ലി (ബഹ്റൈൻ).



**മൈലപ്ര:** കരുവഞ്ചേരിൽ ജസ്റ്റിൻ ഫിലിപ്പിന്റെ ഭാര്യ സൂസൻ (41) നിര്യാതയായി. സംസ്കാരം 25ന് ബ്രദറൺ സഭാ സെമിത്തേരിയിൽ നടത്തി. മകൾ: ലിഡിയ.

**തൃശ്ശൂർ:** പഴയന്നൂർപാടം ബ്രദറൺ സഭാംഗമായ ഉലഹന്നാൻ നവംബർ 10ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 11ന് ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. ദുഃഖിതരായ കുടുംബാംഗങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

## പ്രാർത്ഥനയ്ക്ക്

**കോഴഞ്ചേരി:** കോഴഞ്ചേരി ഈസ്റ്റ് ബ്രദറൺ സഭാംഗമായ ബ്രദർ എം.സി. ഫിലിപ്പ് ക്യാൻസറിന്റെ അസുഖത്താൽ ഭാരപ്പെടുന്നു. ദൈവജനം പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു.

*****

**ഹിസ്സാർ (ഹരിയാന):** ഹിസ്സാർ ബ്രദറൺ സഭാംഗമായ സിസ്റ്റർ പൂജ ബ്ലഡ് ക്യാൻസറിനാൽ ഭാരപ്പെടുന്നു. ഹൈന്ദവ മാർഗ്ഗത്തിൽ നിന്നും വിശ്വാസത്തിൽ കടന്നുവന്ന സഹോദരി നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

*****

**വയനാട്:** വൈത്തിരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സുവിശേഷകൻ റ്റി.റ്റി. അബ്രഹാം ചികിത്സാർത്ഥം ആശുപത്രിയിലാണ്. ദൈവമക്കളുടെ പ്രാർത്ഥന സഹോദരന് ആവശ്യമാണ്.

സത്യം പബ്ലിക്കേഷൻസിലേയ്ക്കു സൗജന്യമായി വിളിക്കൂ
Call us on our Toll Free Number 1-800-425-1211

ഭാഷ്യം

# സങ്കീർത്തനം 21

ഡോ. സി.വി. വടവന

**പശ്ചാത്തലം.** ഇത് ദാവീദിന്റെ സങ്കീർത്തനമാണ്. ഏതു സന്ദർഭത്തിൽ രചിച്ചു എന്നു വ്യക്തമല്ല. ഇരുപതാം സങ്കീർത്തനം വിജയത്തിനായുള്ള പ്രാർത്ഥനയായിരിക്കുന്നതുപോലെ, ഈ സങ്കീർത്തനം ലഭിച്ച വിജയത്തിനായി സ്തോത്രം കരേറ്റുന്ന ഒരു സങ്കീർത്തനമാണ്. നിന്റെ ഹൃദയത്തിലെ ആഗ്രഹം അവൻ നിനക്കു നല്കട്ടെ എന്ന 20-ാം സങ്കീർത്തനത്തിലെ അപേക്ഷ (വാ. 4) കേട്ട് അത് ദൈവം അവനു നല്കിയതായി 21 ൽ കാണുന്നു (വാ. 2). കൂടാതെ ഈ സങ്കീർത്തനവുമായി ഇതിനു മുമ്പുള്ള പല സങ്കീർത്തനങ്ങളും ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ഇതിന്റെ ലക്ഷ്യം, മുൻ സങ്കീർത്തനങ്ങളിൽ കാണപ്പെട്ട രാജാവിന്റെ ചിത്രത്തിന് ഈ സങ്കീർത്തനത്തിൽ കൂടുതൽ മിഴിവേകുക എന്നുള്ളതാണ്. 'നിന്റെ സന്നിധിയിലെ സന്തോഷംകൊണ്ട് അവനെ ആനന്ദിപ്പിക്കുന്നു'. 'രാജാവ് യഹോവയിൽ ആശ്രയിക്കുന്നു' (വാ. 6-7) ഇപ്രകാരം രാജാവ് ദൈവസാന്നിദ്ധ്യത്തിൽ വസിക്കുന്നവനും നിത്യ അനുഗ്രഹങ്ങൾ അനുഭവിക്കുന്നവനുമാണ്. 8-12 വരെ ഭാഗത്ത് രാജാവിനെ മുഖാമുഖം അഭിസംബോധന ചെയ്യുന്നു. ദൈവത്തിന്റെ ഭാവി ന്യായവിധിയുമായും അവന്റെ മഹത്ത്വപ്രത്യക്ഷതയുമായും ഇത് ബന്ധിപ്പിക്കുന്നു (വാ. 9). ഇപ്രകാരം നോക്കുമ്പോൾ ഈ രാജാവ് ദാവീദിന്റെ പിൻതലമുറയിൽ പെട്ട ഏതെങ്കിലും രാജാവിനെയല്ല പിന്നെയോ ദാവീദിന്റെ സന്തതിയായി വരുമെന്ന് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന രാജാവായ മശിഹയെയാണ് വിവക്ഷിക്കുന്നത്. ഈ സങ്കീർത്തനം സിംഹാസനത്തിന്റെ പടികളിലേക്ക് നമ്മെ നയിക്കുമ്പോൾ, അടുത്തുവരുന്ന സങ്കീർത്തനം കുരിശിന്റെ ചുവട്ടിലേക്ക് നമ്മെ ആനയിക്കുന്നു. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണദിനത്തെ ആചരിക്കുമ്പോൾ ഈ ഗീതം ചൊല്ലാറുണ്ട്. വിജയത്തിനുള്ള കൃതജ്ഞതാ പ്രകാശനം (വാ. 1-6); ഭാവി വിജയത്തിനുള്ള വിശ്വാസം (വാ. 7-13) എന്നിങ്ങനെ ഈ സങ്കീർത്തനത്തെ തിരിക്കാം.

**വാ. 1** *"യഹോവേ, രാജാവ് നിന്റെ ബലത്തിൽ സന്തോഷിക്കുന്നു; നിന്റെ രക്ഷയിൽ അവൻ ഏറ്റവും ഉല്ലസിക്കുന്നു."* സങ്കീ. ലെ 15-ാമത്തെ പ്രവചനമാണിത്. 21:1-13, ദാവീദിൽ ഭാഗികമായി നിവൃത്തിയായി; ദാവീദിന്റെ സന്തതിയായ മശിഹായിൽ പൂർണമായും നിവൃത്തിയാകേണ്ടതുണ്ട്; വാ. 1-7 നിറവേറിയ പ്രവചനമാണ് വാ. 8-13 നിവൃത്തിയാകാനുള്ളവയാണ്.

ദ്വിമുഖപരാമർശത്തിന്റെ നിയമം ഉപയോഗിക്കുന്ന മറ്റൊരു സന്ദർഭം ഇവിടെ കാണാം. സങ്കീർത്തനത്തിൽ നിന്നും വ്യക്തമാകുന്നതുപോലെ ഇവിടെ ദാവീദിനും മശിഹായ്ക്കും സാംഗത്യമുണ്ട് (ഒ. നോ. മത്താ. 16:23). ഇത്തരം സന്ദർഭങ്ങളിൽ മനുഷ്യനെ സംബോധന ചെയ്യുമ്പോൾ തന്നെ ഒരു അദൃശ്യവ്യക്തിയെയും പരാമർശിച്ചിരിക്കും. പറഞ്ഞ കാര്യത്തിന്റെ ഭാഗങ്ങൾ ഓരോരുത്തർക്കും ബാധകമായിരിക്കും. ഓരോരുത്തർക്കും ബാധകമായതെന്തോ അതിനനുസരിച്ചാണിത് നിശ്ചയിക്കുക. ഈ നിയമത്തിന്റെ മറ്റ് ഉദാഹരണങ്ങൾ ഉല്പ. 3:15; യെശ. 14:4-27; യെഹെ. 28: 11-19.

ഒരുവന് വിശ്വാസത്തിൽ നിലനിൽക്കുവാൻ കഴിയുംവിധം ദൈവത്തിലുള്ള ആശ്രയവും ആനന്ദവും വാ. 1 ലും 7 ലും കാണുന്നു. യേശു ഒരു രാജാവല്ല; ഏക രാജാവാണ്. രക്ഷയിൽ അവൻ ഏറ്റവും ഉല്ലസിക്കുന്നു. ഈ സന്തോഷത്തിനായിട്ടാണ് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചത്. ഈ രക്ഷയിൽ ഉല്ലസിക്കുവാൻ കൃപ ലഭിച്ചവർ ഭാഗ്യമുള്ളവരാണ്.

**വാ. 2** *"അവന്റെ ഹൃദയത്തിലെ ആഗ്രഹം നീ അവനു നല്കി; അവന്റെ അധരങ്ങളുടെ യാചന നിഷേധിച്ചതുമില്ല."* യേശു ഭൂമിയിലായിരുന്നപ്പോൾ തന്റെ ജനത്തിന്റെ വീണ്ടെടുപ്പിനായി പ്രാർത്ഥിച്ചു. പിതാവ് ആ ആഗ്രഹം അവനു നൽകി. ഇനി തന്റെ സഭയും എത്രയും വേഗം തന്നോടുകൂടെ ആയിരിക്കുവാൻ അവൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. അവൻ തന്റെ ഭക്തരുടെ ആഗ്രഹം സാധിപ്പിക്കും. അവൻ ഇവിടെ വച്ച് സഭയ്ക്കുവേണ്ടി യാചിച്ചു. അവിടെയും അവർക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു.

ദൈവം നൽകിയ 8 അനുഗ്രഹങ്ങൾ: 1) ഹൃദയത്തിലെ ആഗ്രഹങ്ങളെ നൽകി (വാ. 2); 2) പ്രാർഥനയ്ക്ക് മറുപടി നിഷേധിച്ചില്ല (വാ. 2); 3) നന്മയുടെ അനുഗ്രഹങ്ങൾ നൽകി (വാ. 3); 4) തലയിൽ തങ്കക്കിരീടം വെച്ചു (വാ. 3); (5) നിത്യമായ ഉയിർപ്പിന്റെ ജീവൻ നൽകി (വാ. 4). ഇത് ദാവീദിനെയല്ല, മശിഹായെ പരാമർശിക്കുന്നു (അ. പ്ര. 2:27-32); (6) മാനവും തേജസ്സും അണിയിച്ചു. ഇതു വിശേഷാൽ മശിഹായ്ക്ക് യോജിക്കുന്നു (എബ്രാ. 2:7-18); (7) എന്നേക്കും അനുഗ്രഹിച്ചു (വാ. 6). ഇതും മശിഹായ്ക്കു തന്നെ യോജിക്കുന്നു, ദാവീദിനല്ല (എഫെ. 1:21-23; ഫിലി. 2:9-11; 1 പത്രൊ. 3:22); (8) അവനെ ആനന്ദസമൃദ്ധിയുള്ളവനാക്കി (വാ. 6; എബ്രാ. 12:1-2)

**വാ. 3** *"നന്മയുടെ അനുഗ്രഹങ്ങളാൽ നീ അവനെ എതിരേറ്റു, തങ്കക്കിരീടത്തെ അവന്റെ തലയിൽ വയ്ക്കുന്നു."* ക്രിസ്തു അന്ന് മുൾക്കിരീടം അണിഞ്ഞു; ഇന്ന് മഹത്ത്വകിരീടം ചൂടി നാം അവനെ കാണുന്നു. കിരീടം രാജകീയ സ്വഭാവം, രാജകീയ അധികാരം, അർഹമായ മാന്യത, വിജയം, ഭരണം തുടങ്ങിയവയെ കാണിക്കുന്നു. യഹോവ തന്നെ ആ കിരീടം വെച്ചതാകയാൽ അത് ഇളകിപ്പോകയില്ല. കിരീടം തലയിൽ വെച്ചു - 1 ദിന. 20:2. നമ്മുടെ അനുഗ്രഹങ്ങളുടെ സിംഹഭാഗവും നാം ചോദിക്കാതെ തന്നെ നൽകപ്പെട്ടവയാണ്.

**വാ. 4** *"അവൻ നിന്നോടു ജീവനെ അപേക്ഷിച്ചു; നീ അവനു കൊടുത്തു; എന്നെന്നേക്കുമുള്ള ദീർഘായുസ്സിനെ തന്നെ."* ഈ വാക്യത്തിലെ ആദ്യവാചകം ദാവീദിനെ സംബന്ധിക്കുന്നതാണ്. അതായത് ജീവനെ അപേക്ഷിച്ചു. നീ അവനു കൊടുത്തു. എന്നാൽ എന്നെന്നേക്കും ദീർഘായുസ്സിനെത്തന്നു എന്നത് മശിഹയെ സംബന്ധിക്കുന്നതാണ്. യേശു മനുഷ്യൻ എന്ന നിലയിൽ പുത്രനെ മഹത്ത്വപ്പെടുത്തേണമേ എന്നുള്ള വാക്കുകളിൽ പുനരുത്ഥാനം ചോദിച്ചു. എന്നേക്കുമുള്ള നിത്യജീവൻ ലഭിച്ചു. ഇന്ന് അവൻ അമർത്യതയിൽ വാഴുന്നു. ഇനി അവനു മരണമില്ല. ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും എന്ന വാഗ്ദത്തത്തിലൂടെ അവന്റെ നിത്യജീവന് നമ്മെയും ഓഹരിക്കാരാക്കിയിരിക്കുകയാണ്. ദാവീദിന് എന്നേക്കുമുള്ള ജീവൻ വാഗ്ദത്തം ചെയ്യപ്പെട്ടു (സങ്കീ. 61:5, 6; 2 ശമൂ. 7:13-16; സങ്കീ. 18:50). എന്നാൽ അതിന്റെ പൂർണ്ണ നിവൃത്തി ക്രിസ്തുവിൽ ആണ് (സങ്കീ. 91:16).

**വാ. 5-6** *"നിന്റെ രക്ഷയാൽ അവന്റെ മഹത്ത്വം വലിയത്; .... അവനെ ആനന്ദിപ്പിക്കുന്നു."* അവന്റെ മഹത്ത്വം വെളിപ്പാടിൽ യോഹന്നാൻ കാണുന്നു (വെളി. 1:13-16). അവന്റെ അധിപത്യം സമുദ്രം മുതൽ സമുദ്രം വരെയാണ്. ഒരിക്കൽ അവൻ ക്രൂശ് വഹിച്ചു. എന്നാൽ പിതാവ് പുത്രനെ മഹത്ത്വപ്പെടുത്തി. അവന്റെ ചുറ്റുമുള്ള സർവ്വത്തിനും മീതെ അവനെ മഹത്ത്വമണിയിച്ചു. ശലോമോൻ തന്റെ സർവ്വമഹത്ത്വത്തിലും ഈ നസ്രേത്തുകാരനോട് തുല്യനായിരുന്നില്ല. രക്ഷ ദൈവത്തിന്റെ ദാനമാണ്. നമ്മുടെ രക്ഷകനും ആ രക്ഷയെ പ്രകീർത്തിക്കുകയാണ്.

**വാ. 7-8** *"രാജാവ് യഹോവയിൽ ആശ്രയിക്കുന്നു; .... പകയ്ക്കുന്നവരെ പിടികൂടും."* രാജാവിന്റെ സിംഹാസനം ഒരിക്കലും ഇളകാതിരിക്കുന്നത് അത്യുന്നതന്റെ കരുണയാലാണ്. തന്റെ കഷ്ടതകളിൽ, ശത്രുക്കൾ നിമിത്തം കുലുങ്ങുകയില്ല. ഭൗതിക സാമ്രാജ്യങ്ങൾ കാലത്തിന്റെ കുത്തൊഴുക്കിൽ ഇളകിപ്പോകുമ്പോൾ ക്രിസ്തുവിന്റെ കൃപാസനം ഒരിക്കലും ഇളകുകയില്ല. അവനിലുള്ള ആശ്രയത്താൽ നമുക്കും കുലുങ്ങാതെ കഴിയാം.

ദൈവം എല്ലാ രഹസ്യപാപികളെയും മറഞ്ഞിരിക്കുന്ന ദുഷ്ടനെയും കണ്ടുപിടിച്ച് നശിപ്പിക്കും (ആമോ. 9:2, 3; ഇയ്യോ. 34:22, 23). ഭാവിയിൽ ദൈവം നൽകുന്ന 8 അനുഗ്രഹങ്ങൾ ഏവയെന്നു നോക്കാം: (1) സകല ശത്രുക്കളെയും കണ്ടുപിടിക്കും (വാ. 8); (2) അവനെ പകയ്ക്കുന്നവരെ കണ്ടുപിടിക്കും (വാ. 8); (3) തന്റെ കോപത്തിൽ അവരെ ദഹിപ്പിക്കും (വാ. 9); (4) തന്റെ ക്രോധത്തിൽ അവരെ വിഴുങ്ങിക്കളയും (വാ. 9); (5) അവരെ അഗ്നിയിൽ ദഹിപ്പിക്കും (വാ. 9); (6) അവരുടെ ഫലത്തെ നശിപ്പിക്കും (വാ. 10); (7) മനുഷ്യരുടെ ഇടയിൽനിന്നും അവരുടെ സന്തതിയെ ഇല്ലാതാക്കും (വാ. 10); (8) അവർ ഓടിപ്പോകുവാൻ ഇടയാക്കും (വാ. 12);

**വാ. 9** *"നിന്റെ പ്രത്യക്ഷതയുടെ കാലത്ത് നീ അവരെ തീച്ചൂളയെപ്പോലെയാക്കും; യഹോവ തന്റെ ക്രോധത്തിൽ അവരെ വിഴുങ്ങിക്കളയും; തീ അവരെ ദഹിപ്പിക്കും."* ദാവീദ് പരിശുദ്ധാത്മാവിൽ ഇവിടെ നരകത്തെ ഒരു തീച്ചൂളയായി വിവരിക്കുന്നു (വാ. 9). ക്രിസ്തുവും അതിനെ തീച്ചൂള എന്നു വിളിക്കുന്നു (മത്താ. 13:42, 50; 25:41, 46). ദഹിപ്പിക്കുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം, 'ബാല,' അർത്ഥം കൊല്ലുക, നശിപ്പിക്കുക. ഉന്മൂലനത്തെ കുറിക്കുവാൻ ഈ വാക്ക് ഒരിക്കലും ഉപയോഗിച്ചിട്ടില്ലെങ്കിലും നഷ്ടം വരുത്തുക, ശിക്ഷിക്കപ്പെടുക, ഉടയ്ക്കപ്പെടുക, എന്നിവയ്ക്ക് ആലങ്കാരികമായി ഉപയോഗിച്ചിട്ടുണ്ട് (വാ. 9; 35:25; 2 ശമൂ. 20:19; 20:20; സഭാ. 10:12; യെശ. 25:8; 28:7; 49:19; വിലാ. 2:2, 5, 16).

വിഴുങ്ങുക എന്നതിന് ഉപയോഗിച്ചിരിക്കുന്ന എബ്രായ പദം 'ആകൽ' ആണ്. അർത്ഥം, ഭക്ഷിക്കുക, വിഴുങ്ങുക. മുകളിലത്തേതുപോലെ ആലങ്കാരികമായി ഉപയോഗിച്ചിരിക്കുന്നു (വാ. 9; 79:7; സദൃ. 30:14; യെശ. 9:12; യെഹെ. 36:14; മുതലായവ). അവർ അവർക്കു തന്നെ ഒരു തീച്ചൂളയായിരിക്കും. നാശകാരണമായിരിക്കും (മലാ. 4:1 നോക്കുക). നിന്നെ കോപത്തിന്റെ തീയിൽ ദഹിപ്പിക്കുവാൻ നോക്കുന്നവർ അന്ന് നിന്റെ കോപത്തിന്റെ തീയിൽ ദഹിക്കപ്പെടും. അവർ ദൈവകോപാഗ്നിയിൽ എറിയപ്പെടും. 'നിന്റെ പ്രത്യക്ഷതയുടെ കാലത്ത്' എന്നതിനർത്ഥം നിന്റെ കോപത്തിന്റെ കാലത്ത് എന്നാണ്. ഇത് കൃപയുടെ കാലമാണ്. എന്നാൽ കോപത്തിന് ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. അന്ന് യഹോവ അവരെ നശിപ്പിക്കും; തീ അവരെ ദഹിപ്പിക്കും, പുത്രൻ ന്യായം വിധിക്കും. തന്റെ അനുവാദത്തോടെ യഹോവ അവരെ നിത്യതീയായ നരകത്തിൽ ഇട്ടുകളയും (യെശ. 26:11; 31:9; ഉല്പ. 15:17; നെഹെ. 3:11; 7:38).

**വാ. 10** *"നീ അവരുടെ ഫലത്തെ ഭൂമിയിൽനിന്നും .... ഉപായം നിരൂപിച്ചു."* അവരുടെ ജീവിതത്തിന്റെ അദ്ധ്വാനഫലവും അവരുടെ പ്രയത്നവും വ്യർത്ഥമായിപ്പോകും എന്നർത്ഥം. അവർ അഭിമാനം കൊണ്ടിരുന്ന കാര്യം വിസ്മരിക്കപ്പെട്ടു പോകും. അവരുടെ പേരുപോലും മാഞ്ഞുപോകും. പിതാക്കന്മാരുടെ പാപത്തിന്റെ വഴിയേ പോകുന്ന മക്കളും ശിക്ഷിക്കപ്പെടും. നീതിമാൻ വഴിയായി ദൈവാനുഗ്രഹം അവന്റെ സന്തതിക്ക് കൈമാറുന്നതുപോലെ, മരിക്കുന്ന പാപി പിൻതലമുറയ്ക്ക് ശാപം വെച്ചേച്ചുപോകുന്നു. ദൈവപുത്രനെ നിഷേധിക്കുന്നവരുടെ സന്തതി അഭിവൃദ്ധിപ്പെടുന്നില്ലെങ്കിൽ അതിശയിക്കേണ്ട കാര്യമില്ല (സി. എച്ച്. സ്പർജൻ).

ദൈവം മനുഷ്യന്റെ നിരൂപണങ്ങളെപ്പോലും കണക്കിലെടുക്കുന്നു. അജ്ഞതയിൽ ദൈവസഭയെ പീഡിപ്പിക്കുന്നവരെക്കാൾ വെളിച്ചം ലഭിച്ചിട്ട് പീഡിപ്പിക്കുന്നവർ കൂടുതൽ ശിക്ഷാർഹരാണ്. അജ്ഞതയുടെ പാപത്തെക്കാൾ കൂടുതൽ വിഷം നിറഞ്ഞതാണ് അറിഞ്ഞുകൊണ്ടുള്ള പാപം. ദൈവമക്കൾക്കു വിരോധമായി ചെയ്യുന്ന ദോഷങ്ങൾ ദൈവത്തിന് വിരോധമായിട്ടുള്ളതാണ്. ദൈവജനത്തെ പീഡിപ്പിക്കുന്നവർ ഇത് കരുതിക്കൊള്ളുക. **സാധിക്കാത്ത ഉപായം നിരൂപിച്ചു.** പല ദോഷങ്ങളും ചെയ്യുവാൻ അവർ പദ്ധതിയിട്ടു. എന്നാൽ അത് നിവർത്തിക്കുവാൻ അവർക്ക് ശക്തിയില്ലാതെപോയി.

സർപ്പം ചീറ്റുന്നുവെങ്കിലും അതിന്റെ തല തകർന്നു പോയതാണ്. കർത്താവ് അവിടെയുള്ളതിനാൽ സീയോന്റെ മതിലിൽ നിന്ന് പിശാചും അവന്റെ സൈന്യവും പിന്തിരിയുക തന്നെ ചെയ്യും (സങ്കീ. 2:1-4).

**വാ. 12-13** *"നീ അവരെ പുറം കാട്ടുമാറാക്കും; .... നിന്റെ ബലത്തെ സ്തുതിക്കും."* ശത്രു ആദ്യം ജയിച്ചെന്നു തോന്നാം. എന്നാൽ സമയം കഴിയുമ്പോൾ അവർ പിന്തിരിഞ്ഞോടും. ദൈവത്തിന്റെ അസ്ത്രം ഉന്നം പിഴയ്ക്കുന്നില്ല.

*(തുടർച്ച 11-ാം പേജിൽ)*



എച്ച്.എ. അയൺസൈഡിന്റെ

വിവർത്തകൻ: ജോർജ്ജ് കുര്യൻ, ഡാളസ്

വെളിപ്പാടു പുസ്തക വ്യാഖ്യാനം-51

# മൂന്നാം ദൂതന്റെ ശബ്ദം

### വെളിപ്പാട് 14:9–12

മൂന്നാമത്തെ ദൂതൻ അത്യുച്ചത്തിൽ വിളിച്ചുപറഞ്ഞത് “മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്രയേൽക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും”.

മൂന്നാം ദൂതന്റെ ദൂത് ശബ്ദത്തിന്റെ ദൂതാണെന്നാണ് ശാബതുകാർ പറയുന്നത്. മൃഗത്തെ ആരാധിക്കുന്നതിലും മുദ്രകൈക്കൊള്ളുന്നതിലും അടങ്ങിയിരിക്കുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിന്റെ വിശുദ്ധിയെ അംഗീകരിക്കുന്നതിലാണ് എന്നാണ് അവർ പഠിപ്പിക്കുന്നത്. പുനരുത്ഥാന ദിവസത്തിൽ കർത്താവിനെ മഹത്വപ്പെടുത്തുവാനായി വാഞ്ഛരിക്കുന്നവരുടെമേൽ സ്നേഹത്തിന്റെയും കൃപയുടെയും ദൈവം ക്രോധം ചൊരിയുമെന്ന ചിന്ത എത്ര ഭയങ്കരമാണ്. വിശ്വാസത്യാഗികളുടെ മേൽ വരുന്ന ന്യായവിധിയാണിത്. രക്ഷയുടെ പാനപാത്രമെടുക്കാത്ത വരെ ദൈവം കുടിപ്പിക്കുന്ന ന്യായവിധിയുടെ പാത്രമാണത്. ആ ന്യായവിധിക്ക് ഒരു അന്ത്യമില്ല. “അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും. മൃഗത്തെയും അതിന്റെ പ്രതിമയേയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാവുകയില്ല” എന്ന് 14:11-ാം വാക്യത്തിൽ കാണുന്നു.

വിശ്വാസ ത്യാഗത്തിനെതിരായി നിന്നുകൊണ്ട് ദൈവിക സത്യത്തിനായി ഉറച്ചു നിൽക്കാൻ വളരെ ധൈര്യം ആവശ്യമാണ്. 12-ാം വാക്യത്തിൽ ഇങ്ങനെ കാണുന്നു. “ദൈവകല്പനയും യേശുവിങ്കലുള്ള വിശ്വാസവും കാത്തുകൊള്ളുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുതകൊണ്ട് ഇവിടെ ആവശ്യം”. നാം കണ്ടുകൊണ്ടിരുന്ന കാര്യങ്ങളെ ഉറപ്പിക്കുന്ന ഒരു വാക്യമാണിത്. മാനസാന്തരപ്പെടുന്ന ഈ വിശ്വാസികൾ യഹൂദരാണ്. പഴയനിയമ കല്പനകളെ അവർ സൂക്ഷിക്കുന്നവരും പുതിയനിയമത്തിലെ യേശുക്രിസ്തുവിലുള്ള വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്നവരാണ് ഈ വിശ്വാസികൾ. അവർ ദൈവസഭയുടെ അംഗങ്ങളല്ല. ഈ യുഗത്തിലെ അനുഗ്രഹീതമായ ആ അവകാശം അവർക്കു ലഭിക്കുന്നില്ല. എന്നാൽ യേശുക്രിസ്തുവാണ് വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ എന്നു അവർ അറിയും. കൃപയോടെ അവൻ വന്നപ്പോൾ അവരുടെ ദേശം അവനെ തള്ളിക്കളഞ്ഞു. എന്നാൽ അവൻ ശക്തനായിവരുന്നു. മാനസാന്തരത്തിനുയോഗ്യമായ ഫലം അവർകായിക്കും. ഭക്തിയുള്ള തങ്ങളുടെ ജീവിതംകൊണ്ട് ഒരിക്കൽ തള്ളിപ്പറഞ്ഞവനെ മഹത്വീകരിക്കാൻ അവർ ആഗ്രഹിക്കും.

13-ാം വാക്യം ശവമടക്കത്തോടുള്ള ബന്ധത്തിൽ നാം കേൾക്കാറുള്ളതാണ്. അത് അനുഗ്രഹീതമായ ഒരു വാക്യം തന്നെ. എന്നാൽ അതിന്റെ പൂർണ്ണമായ അർത്ഥം വരുവാനുള്ള ഒരു ദിവസത്തെക്കുറിക്കുന്നതാണ്. “ഇന്നുമുതൽ” എന്നുള്ള വാക്കു ശ്രദ്ധിക്കുക. “ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം കേട്ടു. അതു പറഞ്ഞത് എഴുതുക. ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ, അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു. അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു, എന്നു ആത്മാവു പറയുന്നു”. ഇതാണ് ഞാൻ മനസ്സിലാക്കുന്നത് മഹോപദ്രവത്തിന്റെ ഏറ്റവും കഠിനമായ ഭാഗത്തേക്ക് അവർ എത്താറായതേയുള്ളു. ന്യായവിധിയുടെ കൊടുങ്കാറ്റു ഏതു സമയത്തും പൊട്ടിപ്പുറപ്പെടാം, എന്നാൽ അതിനു ശേഷം രാജ്യം സ്ഥാപിക്കപ്പെടും. മഹോപദ്രവത്തിൽ കൂടി കടന്നു പോകുന്ന വിശ്വാസികൾ ഭൂമിയിലെ ‘രാജ്യ’ത്തിലേക്കു പ്രവേശിക്കും. എന്നാൽ അതിനിടെ മരിക്കുന്ന വിശ്വാസികൾ അവർ സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശിക്കും. അവർക്ക് ഈ പ്രത്യേക അനുഗ്രഹമുണ്ടാകും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആ സമയം മുതൽ ജീവിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് നല്ലത്. അവർ അവരുടെ പ്രയത്നങ്ങളിൽ നിന്നും വിശ്രമിക്കും. മഹോപദ്രവത്തിന്റെ കാഠിന്യത്തിൽ നിന്നും ഒഴിഞ്ഞ് അവരുടെ കർത്താവിനോടു കൂടെ സ്വർഗ്ഗത്തിൽ അവർക്കു പ്രവേശനം ലഭിക്കും. ഭൂമിയിലെ രാജ്യം മഹത്വപൂർണ്ണമാണെങ്കിലും അതിനേക്കാൾ നല്ല ഒരു സ്ഥലമായിരിക്കും ഇത്.

എന്റെ വായനക്കാർ രക്ഷിക്കപ്പെട്ടോ ഇല്ലയോ എന്നു ചോദിച്ചുകൊള്ളട്ടെ. നിങ്ങളും താമസിയാതെ ഈ ലോകത്തിൽ നിന്നും മാറ്റപ്പെടും. നിങ്ങളെ പിന്തുടരുന്ന പ്രവർത്തി എന്തായിരിക്കും?രക്ഷിക്കപ്പെട്ടതാണെങ്കിൽ കർത്താവിനുവേണ്ടി നിങ്ങൾ എന്തു ചെയ്തു? രക്ഷിക്കപ്പെട്ടതല്ലെങ്കിൽ – നിങ്ങൾ മറക്കാൻ ശ്രമിച്ച പാപങ്ങൾ, നിങ്ങൾ വിട്ടുമാറാൻ ശ്രമിച്ച പാപങ്ങൾ, നിങ്ങളുടെ



വിവ: ജോർജ്ജ് കുര്യൻ

സ്വയപരിശ്രമം കൊണ്ടു പരിഹരിക്കാമെന്നു ഭോഷത്തമായി ചിന്തിച്ച പാപങ്ങൾ നിങ്ങളെ പിന്തുടരും എന്നു ഞാൻ ഓർപ്പിക്കട്ടെ. നിങ്ങൾ വെള്ള സിംഹാസനത്തിനുമുമ്പിൽ ദരിദ്രനും കുരുടനും നഗ്നനും അരിഷ്ടനുമായി നിൽക്കുമ്പോൾ നിങ്ങളുടെ പാപം അവിടെ നിങ്ങൾ കണ്ടെത്തും. ആ പാപങ്ങൾ ന്യായവിധിയുടെ അഗ്നിത്തടാകത്തിലേക്കു നിങ്ങളെ വലിച്ചിഴയ്ക്കും. ഈ സത്യത്തിൽ നിന്നും മുഖം തിരിച്ചു കളയരുത്. സകല പാപത്തിൽ നിന്നും നിങ്ങളെ കഴുകുവാൻ യേശുവിന്റെ രക്തത്തിനു കഴിയും. അങ്ങനെ കർത്താവായ യേശുക്രിസ്തുവിൽ, ഒരു വിശ്വാസിയായി ഈ ലോകത്തിൽ ജീവിച്ചു നിങ്ങളുടെ പ്രവർത്തി സ്വർഗ്ഗത്തിലേക്കു പിന്തുടരുവാൻ ഇടയാകും. ക്രിസ്തുവിനുവേണ്ടി ചെയ്തതെല്ലാം നിത്യതയോളം നിലനിൽക്കും. *(തുടരും)*

---

*കണ്ടതും കേട്ടതും വായിച്ചതും:*

# ഈ സംസ്കാരത്തെ സംസ്കരിക്കുക

**(പി.എം. എബ്രഹാം, ചെറുപുഴ)**

“മരിക്കുകയാണെങ്കിൽ തിരുവല്ലയിൽ താമസിച്ചു മരിക്കണം” വെറും തമാശയായി ഞാൻ പറഞ്ഞിട്ടുണ്ട്. തിരുവിതാംകൂറിൽ മരണവും ആഘോഷമായി മാറിക്കൊണ്ടിരിക്കുന്നു. ആരെങ്കിലും മരിച്ചാൽ വിദേശത്തും സ്വദേശത്തും വിദൂരങ്ങളിലുമുള്ളവരുടെ സൗകര്യാർത്ഥം മൃതശരീരം മോർച്ചറിയിൽ സൂക്ഷിക്കുക സാധാരണമായിരുന്നു. ഇത് പ്രയോജനകരവുമാണ്. എന്നാൽ ഇന്ന് മോർച്ചറിയിൽ ചിലർ മൃതദേഹം ചില ദിവസങ്ങളെങ്കിലും സൂക്ഷിച്ച ശേഷം മാത്രം ആഘോഷപൂർവ്വം സംസ്കരിക്കുന്നത് പുതിയൊരു ‘ട്രെൻഡ്’ ആയിരിക്കുന്നു. വിദൂരങ്ങളിൽ നിന്നും മക്കളോ ബന്ധുക്കളോ ഒന്നും എത്തിച്ചേരുവാനില്ലെങ്കിൽ പോലും ഒന്നു രണ്ടു ദിവസമെങ്കിലും മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കും. പിന്നീട് “തിരുമേനികളെയും” മറ്റും ‘നഗരി കാണിക്കൽ’ നടത്തുംപോലെ അനേകം വാഹനങ്ങളുടെയും സംഗീത ഗ്രൂപ്പിന്റെയും അകമ്പടികളോടെയുള്ള പ്രദക്ഷിണമാണ്. ഗതാഗതക്കുരുക്കുകൊണ്ട് വീർപ്പുമുട്ടുന്ന നിരത്തുകളിലൂടെയുള്ള ഈ വിലാപ യാത്രയുടെ ലക്ഷ്യം ചിലർക്കെങ്കിലും തങ്ങളുടെ പ്രൗഢി കാണിക്കലാണ്. അപ്പനും അമ്മയുമൊക്കെ ജീവിച്ചിരുന്ന സമയത്ത് തെല്ലു സ്നേഹമൊ ബഹുമാനമൊ കരുതലൊ നൽകാത്ത മക്കളും ഈവിധ കാര്യങ്ങളിൽ ഉത്സുഹരാണ്.

ഈ കാലഘട്ടങ്ങളിൽ ഏറെ വിമർശിക്കപ്പെടുന്ന കാര്യമാണ് ചില ‘ശവസംസ്കാര ശുശ്രൂഷകൾ’. സമയ ക്ലിപ്തയുടെ കാര്യത്തിൽ മലബാർ, തെക്കൻ, വടക്കൻ, ഹൈറേഞ്ച് ഡിവിഷൻകാരെല്ലാം ഒരേ തൂവൽപക്ഷികളാണ്. സമാദരണീയനായിരുന്ന ഒരു സുവിശേഷകന്റെ സംസ്കാര ശുശ്രൂഷ രാവിലെ 9ന് ആരംഭിച്ചു ഉച്ചകഴിഞ്ഞ് 2.00നാണ് ഭവനത്തിലെ ശുശ്രൂഷകൾ അവസാനിച്ചത്. വെയിലിൽ കരിഞ്ഞും മഴയിൽ നനഞ്ഞും കൊണ്ടുള്ള സെമിത്തേരിയിലെ ശുശ്രൂഷയാണ് അതിക്രൂരം. ഇന്ന് മനുഷ്യർ ക്ഷമാശീലരാകാൻ പഠിക്കുന്നത് ചില ശവസംസ്കാര ശുശ്രൂഷകളിലാണ്.

മലബാറിൽ ചില ഉൾഗ്രാമങ്ങളിൽ ‘വിവാഹ കൂട്ടായ്മ’ നടക്കാറുണ്ട് (അവിശ്വാസികളുടെ ഇടയിൽ). ക്ഷണിക്കപ്പെട്ട അതിഥികൾ നിശ്ചിത തുക പെൺകുട്ടിയുടെ വിവാഹത്തിന് നൽകണം. വിവാഹത്തിനു വരുന്ന ഓരോ വ്യക്തിയിൽ നിന്നും ഈ പണം പിരിക്കുവാൻ ഒന്നു രണ്ടു പേരെ ചുമതലപ്പെടുത്തിയിരിക്കും. ഇവർ ഓരോരുത്തരുടെയും പേരും തുകയും രേഖപ്പെടുത്തും.

ചില ശവസംസ്കാര ശുശ്രൂഷകളിലും ഇങ്ങനെ തന്നെയാണ്. ശുശ്രൂഷ നിയന്ത്രിക്കുന്ന വ്യക്തി പ്രാർത്ഥന, അനുസ്മരണം, തുടങ്ങിയ കാര്യങ്ങൾ വരുന്ന ഓരോ സുവിശേഷകന്മാർക്കും മൂപ്പന്മാർക്കും വീതിച്ചു നൽകുകയാണ്. 30 അനുസ്മരണങ്ങൾ വരെ (ഏകദേശം 21/2 മണിക്കൂർ) പറഞ്ഞ ശവസംസ്കാര ശുശ്രൂഷകളുണ്ട്. ശവസംസ്കാര ശുശ്രൂഷകൾക്ക് അധ്യക്ഷത ചെയ്യുന്നവരുടെ കഴിവ് അംഗീകരിച്ചേ മതിയാവൂ. മൈക്കിനും വീഡിയോയ്ക്കും മുമ്പിൽ താരമാകുവാൻ വെമ്പൽ കൊള്ളുന്ന ശുശ്രൂഷകന്മാരെ തൃപ്തിപ്പെടുത്തണം, സമയം ഇഴഞ്ഞു നീങ്ങുന്നതിൽ ക്ഷുഭിതരായ ജനങ്ങളെ തൃപ്തിപ്പെടുത്തണം. “എനിക്ക് ഒന്നു പ്രാർത്ഥിക്കുവാൻ പോലും അവർ അവസരം തന്നില്ലെന്നു” പരാതി പറയുന്ന ചില ശുശ്രൂഷകന്മാരുടെ പിണക്കത്തിന്റെയും വിശപ്പു സഹിക്കുവാനാവാതെ വിയർക്കുന്ന പ്രമേഹ രോഗികളുടെ ക്രോധത്തിന്റെയും മധ്യേ രണ്ടിനാലും ഞെരങ്ങുന്ന അദ്ധ്യക്ഷന്മാരെയും നാം കണ്ടിട്ടുണ്ട്. ഇതു സംസ്കാരമല്ല സംസ്കാര ശൂന്യതയാണ്. ഈ സംസ്കാരത്തെ നമുക്ക് സംസ്കരിക്കാം.

ശവസംസ്കാരം ചിലർക്ക് ആരാധനയും സുവിശേഷ മഹായോഗവുമാണ്. ഇത്തരം സന്ദർഭങ്ങളിൽ സുവിശേഷം പങ്കുവെയ്ക്കുന്നതു തെറ്റൊന്നുമല്ല. പ്രസംഗകർ ‘മുഖം വായിക്കുവാൻ’ പഠിക്കണമെന്നു മാത്രം. മൂന്നും നാലും മണിക്കൂർ നീണ്ടുപോകുന്ന ശുശ്രൂഷയുടെ ഒടുവിൽ എത്ര നന്നായി സുവിശേഷം പ്രസംഗിച്ചാലും കേൾവിക്കാർ അവജ്ഞയോടെ തള്ളുകയേയുള്ളുവെന്നോർക്കുക. അനുവാചകരുടെ ഹൃദയം അവരുടെ മുഖത്തുനിന്നും വായിച്ചു മനസ്സിലാക്കുക. മൂന്നോ നാലോ അനുസ്മരണങ്ങൾ, 45 മിനിട്ട് ദൈർഘ്യമുള്ള ഒരു വചനശുശ്രൂഷ. എല്ലാം കൂടി ഒന്നോ ഒന്നരയോ മണിക്കൂർ. ശുശ്രൂഷ മനോഹരമായി. “എന്റെ ശവസംസ്കാര വേളയിലെങ്കിലും സമയക്ലിപ്തത നിർബന്ധമായും പാലിച്ചിരിക്കണമെന്നു” നമ്മുടെ പ്രിയപ്പെട്ടവരെ മുൻകൂട്ടി നമുക്കു അറിയിക്കാം.

❑❑❑

## റിയാങ്ങ് അഭയാർത്ഥികൾക്ക് ആശ്വാസവുമായി...

*(6-ാം പേജിൽ നിന്നും തുടർച്ച)*

കർത്താവിനെ ആരാധിക്കുവാൻ സ്വന്തമായി ഒരു ബിൽഡിംഗ് ലഭിച്ചതിൽ വിശ്വാസികൾ സന്തുഷ്ടരാണ്.

റിയാങ്ങ് ഗോത്രവിഭാഗത്തിലെ സഹോദരങ്ങൾക്കുവേണ്ടി തൊഴിലധിഷ്ഠിത ക്ലാസുകൾ ആരംഭിച്ചു. സഹോദരിമാർക്കായി ടെയ്‌ലറിംഗ് സ്കൂൾ ചെറിയ രീതിയിൽ തുടങ്ങി. സ്വയമായി തൊഴിൽ ചെയ്ത് ഉപജീവനമാർഗ്ഗം കണ്ടെത്തുവാൻ അവരെ പ്രേരിപ്പിക്കുകയാണ് ലക്ഷ്യം. കുട്ടികൾക്കായി ക്ലാസ്സുകൾ ആരംഭിച്ചു. അവരുടെ പാഠ്യവിഷയങ്ങളോടനുബന്ധിച്ച് യേശുക്രിസ്തുവിലൂടെയുള്ള രക്ഷയെക്കുറിച്ചും പഠിപ്പിക്കുന്നു.

സത്യം തിയോളജിക്കൽ സെമിനാരി ഗ്രാജുവേറ്റായ സഹോ. ജോൺ ഒരു സ്കൂളും, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രവും ആരംഭിച്ചു. അതോടൊപ്പം സത്യം മിനിസ്ട്രീസിന്റെ ദർശനത്തെ പങ്കുവെയ്ക്കുന്ന മറ്റു സംഘാടനകളുടെ കീഴിൽ പ്രവൃത്തിക്കുന്ന ഓർഫനേജുകളുടെ പ്രവർത്തനങ്ങളെ കഴിയും വിധം സഹായിക്കുന്നു. സത്യം മിനിസ്ട്രീസ് തിമൊത്തി സ്കൂളും, ഓർഫനേജിനെയും ഭക്ഷണവും, വസ്ത്രങ്ങളും, നൽകി സഹായിച്ചു വരുന്നു. അഭയാർത്ഥി ക്യാംപുകളിൽ ജീവിതം തള്ളിനീക്കുന്ന മാതാപിതാക്കൾക്ക് സത്യം മിനിസ്ട്രീസ് ചെയ്യുന്ന സഹായങ്ങൾ വളരെയധികം പ്രയോജനപ്പെടുന്നു.

ഈ പ്രവർത്തനങ്ങളെ സഹായിക്കുവാൻ താൽപര്യമുള്ളവർ സത്യം മിനിസ്ട്രീസ് ഓഫീസുമായി ബന്ധപ്പെടുക

## അങ്കമാലി സംഭവം ...

*(1-ാം പേജിൽ നിന്നും തുടർച്ച)*

ഇതിനെതിരെ നമ്മുടെ പല സഹോദരന്മാരും ജനപ്രതിനിധികളുമായി എക്സൈസ് മന്ത്രിയെ സമീപിച്ചെങ്കിലും കാര്യമായ ഒരു പരിഹാരം ഉണ്ടായില്ല.

2010 സെപ്റ്റംബർ 23ന് ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി വി.എസ്. അച്ചുതാനന്ദന്റെ ഐ.റ്റി. ഉപദേഷ്ടാവായിരുന്ന, ബ്രദറൺ സഭാംഗമായ ജോസഫ് സി. മാത്യു മുഖാന്തിരം മുൻമുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കാര്യം കൊണ്ടുവന്നതിന്റെ ഫലമായി മുഖ്യമന്ത്രിയുടെ നിർദ്ദേശ പ്രകാരം മന്ത്രി പി.കെ. ഗുരുദാസൻ ഓഡർ പിൻവലിക്കുകയും ബാർ ലൈസൻസ് റദ്ദ് ചെയ്ത് ഉത്തരവിറക്കുകയും ചെയ്തു.

ഇതിനെതിരെ ബാർ ഉടമകൾ ഹൈകോടതിയെ സമീപിക്കുകയും സർക്കാർ ഉത്തരവിനെതിരെ സ്റ്റേ വാങ്ങിക്കുകയും ചെയ്തു. ഇപ്പോൾ ബാർ തടസ്സമന്യേ പ്രവർത്തിച്ചു വരുന്നു. ഇതിനെതിരെ സഭ കോടതിയിൽ സ്റ്റേ ആവശ്യപ്പെട്ടുവെങ്കിലും താമസിക്കാതെ വാദം കേൾക്കാം എന്ന നിലപാടിൽ കോടതി സഭ ആവശ്യപ്പെട്ട സ്റ്റേ നൽകാതിരിക്കുകയാണ് ചെയ്തത്.അടുത്ത ദിവസങ്ങളിൽ ഈ വിഷയം സംബന്ധിച്ചുള്ള ഇരു കക്ഷികളുടെയും വാദം കോടതി കേൾക്കാനിരിക്കുകയാണ്. നിയമത്തിന്റെ എല്ലാ ആനുകൂല്യങ്ങളും സഭയുടെ ഭാഗത്തുള്ളതിനാൽ സഭയ്ക്ക് അനുകൂലമായ വിധിയുണ്ടാക്കുമെന്ന് സഹോദരന്മാർ പ്രതീക്ഷിക്കുന്നു.

ഈ വിഷയങ്ങൾക്കായി അങ്കമാലി സഭ ഒന്നിച്ചുകൂടി മുട്ടിപ്പായി പ്രാർത്ഥിച്ചുവരുന്നു. ലോകമെങ്ങുമുള്ള വിശ്വാസികളുടെ ആത്മാർത്ഥമായ പ്രാർത്ഥന കഴിഞ്ഞ നാളിൽ എന്നപോലെ ഉണ്ടാകണം. നമുക്ക് ഒന്നിച്ച് ഇനിയും ഈ വിഷയത്തിനായി പ്രാർത്ഥിക്കാം. കോടതിയിൽ നിന്നും നീതിപൂർവ്വമായ വിധി പ്രതീക്ഷിക്കാം. ഇല്ലങ്കിലും സ്വർഗീയ കോടതിയിൽ നിന്നും നമുക്കനുകൂലമായ വിധിയുണ്ടാകും തീർച്ച!

(ജീവവചനം റിപ്പോർട്ടർ: റെജി ഈട്ടിമൂട്ടിൽ)

## ചേലക്കോട്ടുകര കൺവൻഷൻ

**തൃശൂർ:** ചേലക്കോട്ടുകര ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2012 ജനുവരി 12 മുതൽ 15 വരെ വൈകിട്ട് 6.30 മുതൽ 8.30 വരെ സഭാ ഹാളിനു സമീപത്തു തയ്യാറാക്കുന്ന പന്തലിൽ സുവിശേഷയോഗങ്ങൾ നടത്തപ്പെടും. പ്രസിദ്ധ സുവിശേഷ പ്രഭാഷകരായ ജോസ് മാങ്കുടി വയനാട്, ബിജു കെ. ആലടി എന്നിവർ മുഖ്യപ്രഭാഷണം നടത്തും. ബ്രദർ എം.സി. ജോർജ്, ബ്രദർ പി.സി. ജോർജ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുക്കും. 15ന് 3 മണിക്ക് സൺഡേസ്കൂൾ വാർഷികവും നടത്തപ്പെടും. ദൈവജനം പ്രത്യേകം പ്രാർത്ഥിക്കുക.

## സങ്കീർത്തനഭാഷ്യം ...

*(9-ാം പേജിൽ നിന്നും തുടർച്ച)*

ദൈവപൈതൽ ശത്രുവിനെ ധീരമായി നേരിടും. ആ യുദ്ധത്തിൽ അസത്യം കീഴടങ്ങും, സത്യം ജയിക്കും.

ഇത് മനോഹരമായ ഈ സമാപനവാക്യമാണ്. ദൈവം രക്ഷകനെ മഹത്ത്വപ്പെടുത്തിയതിലും ശത്രുവിനെ മറിച്ചിട്ടതിലും പ്രവർത്തിച്ചവിധം ഓർക്കുമ്പോൾ നാം അവനെ സ്തുതിക്കുവാൻ നിർബന്ധിതരാകും. ഞങ്ങൾ പാടി നിന്റെ ബലത്തെ സ്തുതിക്കും എന്ന് പറഞ്ഞിരിക്കുന്നു. അല്പസമയത്തേക്ക് വിശുദ്ധന്മാർ വിലപിച്ചുവെന്നു വരാം. എന്നാൽ ഞങ്ങളുടെ വീണ്ടെടുപ്പുകാരന്റെ വെളിപ്പാട് അവരുടെ സന്തോഷത്തെ ഉത്തേജിപ്പിക്കും. ഈ സങ്കീർത്തനത്തിന്റെ കേന്ദ്ര ആശയം ദൈവം ശത്രുക്കളുടെ മേൽ ആത്യന്തികമായി കൈവരിക്കുന്ന വിജയവും, ആ വിജയത്തെത്തുടർന്നുണ്ടാകുന്ന സാർവ്വലൗകികമായ സ്തുതിയും എന്നതാണ്.

## ഏകദിന ക്യാമ്പ്

സുവിശേഷകൻ ബാലസംഘം കോഴിക്കോട് സെന്ററിന്റെ ആഭിമുഖ്യത്തിൽ നവംബർ 12ന് ഏകദിനക്യാമ്പ് കോഴിക്കോട് ബ്രദറൺ സഭാഹാളിൽ വെച്ച് നടത്തപ്പെട്ടു. ബ്രദർ സ്പർജൻ കുമാർ ഐ.പി.എസ്., ബ്രദർ ഗോഡ്സൺ വാലയിൽ വയനാട് എന്നിവർ പ്രധാന ലീഡേഴ്സായി പങ്കെടുത്തു. 95 ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു. സെക്രട്ടറി സാമുവൽ തോമസ്, പുതുപ്പാടി നേതൃത്വം നൽകി.

## സുവിശേഷയോഗവും സംഗീത വിരുന്നും

മുതുകുളം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ സുവിശേഷയോഗവും സംഗീതവിരുന്നും, ഡിസംബർ 25,26 തീയതികളിൽ വൈകുന്നേരം 6.00 മുതൽ 8.30 വരെ ചെങ്കിലാത്ത് ജംഗ്ഷനു സമീപം. സുവിശേഷകന്മാർ ജോർജ് ചാക്കോ, മാവേലിക്കര, ചാണ്ടപ്പിള്ള ഫിലിപ്പ്, കോട്ടയം എന്നിവർ വചനം സംസാരിക്കുന്നു. ബ്രദർ ക്ലീറ്റസ്, കോട്ടയം, മേഴ്സി രാജു എന്നിവരുടെ നേതൃത്വത്തിൽ സംഗീതവിരുന്നും നടക്കും. പ്രസ്തുത യോഗത്തിൽ സഹോദരങ്ങൾ സഭയായി വന്ന് സഹകരിക്കണമെന്ന് താല്പര്യപ്പെടുന്നു. ബ്രദ. എസ്. രാജേന്ദ്രൻ, ബ്രദ. വേണു, ബ്രദ. ചെല്ലപ്പൻ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. ഈ ശുശ്രൂഷ ഓർത്ത് ദൈവമക്കൾ പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു.

## പുതിയ പ്രവർത്തനം

**വടകര:** കോഴിക്കോട്ട് ജില്ലയിലെ വടകര എന്ന സ്ഥലത്ത് ചില മാസങ്ങളായി സുവി. എം.ജി. വിൽസൺ പ്രവർത്തിച്ചു വരുന്നു. എല്ലാ ആഴ്ചയിലും രണ്ടു ദിവസം ക്യാമ്പ് ചെയ്തു സുവി. സാജൻ കുരവയ്ക്കൽ മറ്റു ചില സുവിശേഷകന്മാരെയും സഹകരിപ്പിച്ച്, പ്രവർത്തിച്ചു വരുന്നു. അവിശ്വാസികൾ കൂടുതലായുള്ള ഈ പ്രദേശങ്ങളിൽ ഫലകരമായ സുവിശേഷപ്രവർത്തനങ്ങൾ നടക്കേണ്ടതിനും, ചിലർ സത്യദൈവത്തെ കണ്ടു മുട്ടുവാനും, ദൈവഹിതപ്രകാരമുള്ള സ്ഥലം സഭ ഉണ്ടാകേണ്ടതിനും ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയെ ചോദിക്കുന്നു.

## റേഡിയോ മന്നയ്ക്ക് പ്രചാരമേറുന്നു

**ബഹ്റൈൻ:** പ്രമുഖ ക്രൈസ്തവ ഇന്റർനെറ്റ് റേഡിയോ ആയ റേഡിയോ മന്ന ചുരുങ്ങിയ കാലം കൊണ്ട് ജനങ്ങളുടെ പ്രീതിയും അഭിനന്ദനവും നേടിയിരിക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമായി ഗാനങ്ങൾ, പ്രസംഗം, വേദപഠനം, സംവാദം, ചോദ്യാവലി, ധ്യാനചിന്തകൾ, സുവിശേഷ സന്ദേശം, കഥകൾ, കവിതകൾ, കുട്ടികളുടെ വിവിധ പരിപാടികൾ, യുവാക്കൾക്കായുള്ള പ്രോഗ്രാമുകൾ, തുടങ്ങി 24X7 എന്ന രീതിയിലാണ് റേഡിയോ മന്നയുടെ പ്രവർത്തനം.

ഇന്റർനെറ്റ് സൗകര്യമുള്ള ഏതൊരാൾക്കും www. Radiomanna.com എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്താൽ ഈ പ്രോഗ്രാമുകൾ ശ്രവിക്കാവുന്നതാണ്.

ലോകമെമ്പാടും സുവിശേഷത്തിന്റെ വാതിലുകൾ അടഞ്ഞുകൊണ്ടിരിക്കുമ്പോൾ ആധുനിക സാങ്കേതിക വിദ്യയിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാൻ റേഡിയോ മന്ന ചെയ്യുന്ന പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

ഇരുപത്തിനാലു മണിക്കൂറും സുവിശേഷ പരിപാടികൾ, പ്രധാന കൺവൻഷനുകളുടെ തൽസമയ പ്രക്ഷേപണം എന്നിവ ഇതിന്റെ പ്രത്യേകതയാണ്.

എല്ലാ ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

## മ്യൂസിക് ഫെസ്റ്റിവൽ

**ഗ്വാളിയർ:** ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്ക് വേണ്ടിയും സംഘടിപ്പിക്കുന്ന ദ്വിദിന ഗോസ്പൽ മ്യൂസിക് ഫെസ്റ്റിവൽ ഡിസംബർ 10,11 തീയതികളിൽ നടത്തപ്പെടും. ഗ്വാളിയർ മേഖലയിലുള്ള കോളേജ് വിദ്യാർത്ഥികളും, നഗരത്തിലെ പ്രധാന ഉദ്യോഗസ്ഥ പ്രമുഖരും പങ്കെടുക്കുമെന്ന് സംഘാടകർ അറിയിച്ചു. ബ്രദർ ജോർജ് മട്ടയ്ക്കൽ, ബ്രദർ ഗോഡ്‌ലി കുര്യൻ എന്നിവർ ദൈവവചനം പ്രസംഗിക്കും. ബ്രദർ ഫിലിപ്പ് കെ. ആൻഡ്രൂസിന്റെയും ഡൽഹിയിലുള്ള ടീമിന്റെയും നേതൃത്വത്തിൽ ഗാന ശുശ്രൂഷയും നടക്കും. ബ്രദർ സുജിത് വില്യംസ്, സുവി. രഞ്ജിത് കുമാർ സാഗ്, ബ്രദർ അമിത് സിംഗ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. ദൈവമക്കളുടെ പ്രാർത്ഥന ചോദിക്കുന്നു.

## കലഞ്ഞൂർ കൺവൻഷൻ

**പത്തനാപുരം:** കലഞ്ഞൂർ ബ്രദറൺ ക്രിസ്ത്യൻ ചർച്ചിന്റെ ആഭിമുഖ്യത്തിലുള്ള കൺവൻഷൻ ഡിസംബർ 7 മുതൽ സഭാഹാളിൽ വെച്ച് നടത്തപ്പെടും. സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്, കോട്ടയം, സുവി. ജോസ് മാങ്കുടി, വയനാട്, സുവി. കെ.വി. ജോർജ്, പത്തനാപുരം എന്നിവർ പ്രസംഗിക്കും. ചർച്ച് ക്വയർ ഗാന ശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ച് 10ന് യുവജന സമ്മേളനവും നടക്കും. പ്രസ്തുത സമ്മേളനത്തിൽ “സഭയും യുവജനങ്ങളും”, “കൃപയിൽ വളരുക” എന്നീ വിഷയങ്ങളെ അധികരിച്ചു പ്രഭാഷണങ്ങളും മറ്റു പരിപാടികളും നടത്തപ്പെടും.

കെ.ജി. ചാക്കോ, പി. പാപ്പി, പി.പി. ജോർജ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും.

## ഏകദിന സമ്മേളനം

**പാലക്കാട്:** സുവിശേഷകൻ ബാലസംഘം അട്ടപ്പാടി മേഖലയുടെ ഏകദിന സമ്മേളനം ഡിസംബർ 26ന് കള്ളമല ബ്രദറൺ സഭാ ഹാളിൽ വെച്ച് നടത്തപ്പെടും. ബ്രദർ സാമുവൽ വർഗ്ഗീസ്, മലമ്പുഴ മുഖ്യാതിഥി ആയി പങ്കെടുക്കും. ഗ്രൂപ്പ് ക്ലാസ്സുകളും, വേദമത്സര പരിപാടികളും നടക്കും. ദൈവത്തിൽ നിന്ന് ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു (1 യോഹ. 5:18) എന്നതാണ് ചിന്താവിഷയം. എല്ലാ കുഞ്ഞുങ്ങളെയും ഈ സമ്മേളനത്തിൽ പങ്കെടുക്കുവാൻ കർത്തൃനാമത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

REGISTERED
Reg. No. 2893/86/M7
Postal Reg. No. KL / TLA / 89 / 2009 -2011
Licence to post Wpp Licence No. KL / TLA/ WPP- 132/ 09-11
Posted On 14th & 29th every month at RMS Thiruvalla

# JEEVA VACHANAM
## Fortnightly

"നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു" (സങ്കീർത്തനം 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S) INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org
Toll free # 1-800-425-1211

## സൗത്ത് വെസ്റ്റ് ബ്രദറൺ യൂത്ത് റിട്രീറ്റ്


ലാറി ബ്രൗൺ


ജെസ്സി ജെന്റെൽ

**ഹൂസ്റ്റൺ:** സൗത്ത് വെസ്റ്റ് ബ്രദറൺ യൂത്ത് റിട്രീറ്റ്'11 ഡിസംബർ 16 മുതൽ 18 വരെ ടെക്സാസിലെ വാക്ഹാച്ചിയിലുള്ള ലേക് വ്യൂ കോൺഫ്രൻസ് ഹാളിൽ വെച്ച് നടക്കും. വിവിധ ഗ്രൂപ്പുകളായി തിരിച്ചു നടക്കുന്ന ക്യാമ്പിൽ ജെസ്സി ജെന്റെൽ, ലാറി ബ്രൗൺ എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ രജിസ്റ്റർ ചെയ്യുവാനായി ആഷ്ളി തോമസ് (832)-721-8908, ജെറി മോടിയിൽ (817)-734-6991 എന്നിവരുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് www. brethrenconference.org എന്ന വെബ് സൈറ്റ് സന്ദർശിക്കാവുന്നതാണ്.

## കാശ്മീരിൽ ക്രൈസ്തവർ ഭീതിയുടെ നിഴലിൽ

**ജമ്മു:** കാശ്മീരിൽ ക്രൈസ്തവർക്ക് നേരെ ആക്രമണവും ഭീഷണിയും, ശ്രീ നഗറിലാണ് സംഭവം. ഇവിടെ സുവിശേഷ പ്രവർത്തനം നടത്തുന്ന റവ. ചന്ന നിർബന്ധിത മതപരിവർത്തനം നടത്തുന്നു എന്നാരോപിച്ചായിരുന്നു കേസ് എടുത്തതും മറ്റ് ഭീഷണികൾ തുടങ്ങിയതും. നിർബന്ധിച്ച് ഇതര മതവിശ്വാസികളെ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചു എന്നതാണ് കുറ്റം. വിശ്വാസത്തിലേക്ക് വന്ന ഏഴിലധികം യുവാക്കളെ പോലീസ് കസ്റ്റഡിയിൽ എടുത്ത് പീഡിപ്പിക്കുകയുണ്ടായി എന്ന് റവ. ചന്ന പത്രക്കുറിപ്പിൽ പ്രസ്താവിച്ചു. അദ്ദേഹത്തിനും കുടുംബത്തിനും ഭവനത്തിന് വെളിയിൽ പോകുവാൻ അനുമതി നിഷേധിച്ചിരിക്കുകയാണ്. ഭീതിയിലായിരിക്കുന്ന ദൈവജനത്തെ ഓർത്തും നീതി ലഭിക്കുന്നതിനും ദൈവജനം പ്രാർത്ഥിക്കുക.

## എസ്.ബി.എസ്. മലബാർ ഭാരവാഹികൾ

**കോഴിക്കോട്:** പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്ത് നവംബർ 7ന് കോഴിക്കോട് ബ്രദറൺ സഭാഹാളിൽ കൂടിയ മലബാർ ഡിവിഷൻ ജനറൽ ബോഡി യോഗത്തിൽ ജോർജ് പീറ്റർ ചിറ്റൂർ പ്രസിഡന്റായും, സാമുവൽ തോമസ് പുതുപ്പാടിയെ സെക്രട്ടറിയായും, ബിനു ജോസ് ചേരംകുളം ജോ: സെക്രട്ടറിയായും, ജോർജ് തോമസ് തിരുവാലി ട്രഷററായും, സാജൻ കുരവക്കൽ കാസർകോടിനെ ഓർഗനൈസറായും, ഗോഡ്സൺ വാലയെ വി.ബി.എസ്. കൺവീനറായും തിരഞ്ഞെടുത്തു. മലബാർ ഡിവിഷൻ പ്രവർത്തനങ്ങൾ അനുഗ്രഹമായി നടക്കുന്നതിനായി തുടർന്നും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ.

## ക്രിസ്തുമസ് ബുക്ക് ഫെയർ

ക്രൈസ്തവ പുസ്തക പ്രസാധനം ലോക നിലവാരത്തിലെത്തിച്ച സത്യം പബ്ലിക്കേഷൻസ് വായനയെ സ്നേഹിക്കുന്നവർക്കായി, വായനയിലൂടെ അറിവു സമ്പാദിക്കണമെന്നാഗ്രഹിക്കുന്നവർക്കായും ഒരുക്കുന്ന ക്രിസ്തുമസ് ബുക്ക് ഫെയർ. ഡിസംബർ 1 മുതൽ 31 വരെയാണ് ക്രിസ്തുമസ് ബുക്ക് ഫെയർ സംഘടിപ്പിച്ചിരിക്കുന്നത്. സത്യം പബ്ലിക്കേഷൻസിന്റെ ഗ്രന്ഥങ്ങൾക്കൊപ്പം മറ്റു വിദേശ പ്രസാധകരുടെ മൂല്യങ്ങളുള്ള പുസ്തകങ്ങളും ഈ ക്രിസ്തുമസിനോടനുബന്ധിച്ച് വമ്പിച്ച വിലക്കുറവിൽ ലഭ്യമാകുന്നു. ദൈവജനം ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുക.

## തുറക്കേണ്ട വാതിലുകൾ 1
# എരുമേലി സഭാഹാൾ


നാല് വർഷമായി അടഞ്ഞുകിടക്കുന്ന എരുമേലി ശാലോം ബ്രദറൺ സഭാഹാൾ

മതമൈത്രിക്ക് കേളി കേട്ട സ്ഥലമാണ് എരുമേലി. വിരുദ്ധ വിശ്വാസമുള്ള രണ്ട് പ്രബല മതവിശ്വാസികൾ തമ്മിൽ കൈകോർക്കുന്ന സ്ഥലം. രക്ഷക്കായി ശരണം വിളികളുമായി ജനലക്ഷങ്ങൾ നടന്നുനീങ്ങുന്ന ഈ വഴിയോരത്ത് "യേശു ഏകരക്ഷകൻ" എന്ന മേലെഴുത്തുമായി സത്യേകരക്ഷിതാവിന്റെ ആരാധനാലയം പൂട്ടപ്പെട്ടു കിടക്കുന്നത് ലോകമെങ്ങുമുള്ള ദൈവമക്കൾക്ക് ഹൃദയനൊമ്പരമാണ്. പ്രാർത്ഥിച്ചാലും!

നമ്മുടെ മദ്ധ്യേ അടഞ്ഞുകിടക്കുന്ന നിരവധി സഭാഹാളുകളുണ്ട്. ഈ നാളുകളിൽ അതിന്റെ എണ്ണം വർദ്ധിച്ചുവരുന്നത് ഉത്കണ്ഠാജനകമാണ്. എല്ലാ സഭാ മണ്ഡലങ്ങളിലും അടഞ്ഞ ആരാധനാലയങ്ങൾ കാണാമെങ്കിലും നമ്മുടെ സമൂഹത്തിന് അത് അപമാനകരമാണ്. എല്ലാ സമൂഹത്തെക്കാളും വചനാറിവും, ദൈവസ്നേഹവും, പരിഹാരസാദ്ധ്യതയും നമുക്കുള്ളതുകൊണ്ട് അത് ഭൂഷണമല്ല. കുടുംബ വഴക്കും, വ്യക്തി വിരോധവും, പിടിവാശിയുമാണ് ദൈമഹത്വത്തെ നഷ്ടപ്പെടുത്തുന്നത്. ഓരോ ക്രിസ്തു ശിഷ്യനും ഗുരുവര്യനെ അനുകരിക്കാൻ ശ്രമിച്ചാൽ ഈ പ്രശ്നങ്ങൾ എന്നേ പരിഹരിക്കപ്പെടും. അടഞ്ഞുകിടക്കുന്ന ഓരോ സഭാഹാളുകളിലെയും ബന്ധപ്പെട്ട കക്ഷികൾ തെറ്റുതിരുത്തി, മന:പൂർവ്വം ക്ഷമിച്ച് പ്രശ്നങ്ങൾ തീർത്തു സഭാഹാളുകൾ തുറക്കുവോളം അവരുടെ ഹൃദയങ്ങൾക്ക് സ്വസ്ഥത ഇല്ലാതിരിക്കട്ടെ. ലോകമെങ്ങുമുള്ള ദൈവമക്കൾ പ്രാർത്ഥിക്കുക. പക്ഷം ചേരാതിരിക്കുക. നാം ഇനിയും നിന്ദാപാത്രമായിരിക്കരുത്. ഈ പംക്തിയിൽ അടഞ്ഞുകിടക്കുന്ന സഭാഹാളുകൾ പ്രാർത്ഥനക്കായി ജീവവചനം പരിചയപ്പെടുത്തുന്നു. നിങ്ങളുടെ അടുത്ത സ്ഥലങ്ങളിലോ സമീപ പ്രദേശങ്ങളിലോ ഇതുപോലെ അടഞ്ഞുകിടക്കുന്ന സഭാഹാളുകൾ ഉണ്ടെങ്കിൽ അതിന്റെ ഫോട്ടോയും ചെറിയ വിവരണവും ജീവവചനം ഓഫീസിൽ അയച്ചു തന്നാലും.

ഫോൺ: 9447126182

## ഫിബാ കോൺഫ്രൻസ് അറ്റ്ലാൻഡയിൽ

**അറ്റ്ലാന്റ്:** 2012ലെ ഫിബാ കോൺഫ്രൻസ് ആഗസ്റ്റ് 2 മുതൽ 5 വരെ അറ്റ്ലാന്റയിലുള്ള റിനയിസ്സൻസ് കോൺകോഴ്സ് അറ്റ്ലാന്റ് എയർപോർട്ട് ഹോട്ടലിൽ വച്ച് നടക്കും. മുൻവർഷങ്ങളെ അപേക്ഷിച്ച് വിപുലമായ ക്രമീകരണങ്ങളാണ് ചെയ്തു വരുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു. കോൺഫ്രൻസിന്റെ ക്രമീകരണങ്ങൾക്കായുള്ള കമ്മിറ്റിയുടെ വിപുലമായ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞതായി സംഘാടകർ അറിയിച്ചു. ദൈവജനം ക്രമീകരണങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

## ഇലന്തൂർ കൺവൻഷൻ

**ഇലന്തൂർ:** പരിയാരം ബ്രദറൺ സഭയുടെ ചുമതലയിൽ സുവിശേഷ പ്രസംഗവും, സംഗീത ശുശ്രൂഷയും ഇലന്തൂർ നെടുവേലിൽ ജംഗ്ഷനു സമീപമുള്ള പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഡിസംബർ 9,10,11 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടും. സജി വർഗ്ഗീസ് പുതുപ്പള്ളി, ബിനു മാത്യു അയ്മനം എന്നിവർ പ്രസംഗിക്കും. ജെ.പി. രാജന്റെ നേതൃത്വത്തിൽ സംഗീത ശുശ്രൂഷയും നടക്കും. കെ.എ. ജോർജ്, റ്റി.ജെ. തോമസ് എന്നിവർ കൺവൻഷന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സാന്നിദ്ധ്യവും ക്ഷണിച്ചു കൊള്ളുന്നു.

## സംയുക്ത സഭായോഗം

**കുമ്പനാട്:** 109-ാമത് കുമ്പനാട് ബ്രദറൺ ജനറൽ കൺവൻഷൻ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സംയുക്ത സഭായോഗം നവംബർ 27 ഞായർ രാവിലെ 10 മുതൽ 1 വരെ കുമ്പനാട് ബ്രദറൺ സഭാഹാളിൽ വച്ച് നടത്തപ്പെട്ടു. സുവി. ഡോ. കെ.സി. ജോൺസൺ (മാവേലിക്കര) വചന ശുശ്രൂഷ നിർവ്വഹിച്ചു.




Printed, Published and Owned by C.V. Vadavana, Sathyam Publications, Tiruvalla, Printed at Sathyam Press. Published at Sathyam Publications, Tiruvalla. Editor: C.V. Vadavana.